13

# വേദപ്രചാര

# മദ്ധ്യസ്ഥൻ.



പുസ്തകം ൩) ഫൻസ്വ ഫ ജൂൺ (ലക്കം ഫവ.

Liscence No. 183.

M. A. BAPTIST

# വിഷയവിവരണിക


1. ക്രൂശിക്കപ്പെട്ട മിശിഹാ.
   ശ്രീമാൻ പാലാത്ര ചെറിയാൻ.
2. മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം.
   ച. ത്ര. എ. പെ. പെ. മെത്രാനച്ചൻ തിരു. കൊണ
3. എപ്പേസൂസ് സൂനഹദോസ്.
   (പത്രാധിപർ.)
4. വി. യോഹന്നാനും ധൂർത്തനായ യുവാവും.
   ക. നി. മൂ. സ. മാണിക്കത്തനാർ.
5. ഗാന്ധിജിയോട്.
6. നിന്റെ രാജ്യം വരണം.
   റവ. ജോസഫ്, വട്ടപ്പാട്ട്.
7. നെസ്തോറിയസ്സും അയാളുടെ പാഷണ്ഡതയും.
   റവ. ഫാദർ കരുവിള, കല്ലറയ്ക്കൽ.
8. തിരുഹൃദയഭക്തി.
9. വാർത്താസംഗ്രഹം.
10. കത്തോലിക്കായും.
11. ഉപകാരസ്മരണകർ.
12. പഞ്ചാംഗം.
13. പരസ്യങ്ങൾ.


---


പ്രധാന വിദ്യാലയ ഗ്രന്ഥങ്ങൾ.

1. നവീനഭൂമിശാസ്ത്രം.—ഇംഗ്ലീഷ് മലയാളം മിഡിൽസ്ക്കൂൾ ക്ലാസിലേയ്ക്ക്—ഗവർമ്മെന്റിൽനിന്നും അംഗീകരിക്കപ്പെട്ടത്. വില രൂപാ ഉ.

2. A School final Guide to English composition and Grammar by an experienced M. A; L. T. Price As. 10. കമ്മീഷൻ 20 % ശതമാനം.

അപേക്ഷിക്കേണ്ടും മേൽവിലാസം,
മാത്യൂസ്ഥൻ ബുക്ക്ഡിപ്പോ ചങ്ങനാശേരി

മദ്ധ്യസ്ഥൻ.

പുസ്തകം ൩൰)　　൧൯൩൰ ജൂൺ　　(ലക്കം ൬൨.

# ക്രൂശിക്കപ്പെട്ട മിശിഹാ.

(ഗാഥ)

(പാലാത്ര ചെറിയാൻ)

കാൽകരംകാരിരുമ്പാണിയാൽ തച്ചുമാ-
വേൽമുനമാർവ് തുളച്ചുമയ്യോ!
രത്നക്കിരീടമണിയേണ്ടുംശിർഷത്തിൽ
മുൾമുടിയാഞ്ഞുതറച്ചുവച്ചും
പൊന്നുതിരുമേനിയാകെമുറിപ്പെട്ടു-
മുന്നത്രമാംതലതാനേചാഞ്ഞും
ഘോരക്ഷതങ്ങളിൽനിന്നുതിരുന്നുണം
ധാരയായ് ചോരയൊഴുക്കിക്കൊണ്ടും
മൂലോകാധീശനാമീശോകുരിശിന്മേൽ
മൂന്നാണിയാലിതാതൂങ്ങിടുന്നു!
　　എന്തിതുദൈവത്തിൻപുത്രനെസന്താപ-
ച്ചെന്തീയിൽനീറുവാൻഹേതുവെന്താം?
ഇഛകൊണ്ടീലോകംസൃഷ്ടിച്ചതിൽപണ്ടേ
സ്വേച്ഛപോൽവാഴുവാൻവിട്ടനമ്മേ
കഷ്ടമാമക്രമംതന്നിഷ്ടംസ്വചേഷ്ടയാൽ
നഷ്ടമാക്കുന്നതുകണ്ടുതാനേ
സ്വർഗ്ഗത്തിൽനിന്നിങ്ങിറങ്ങിത്തൻമാനുഷ-
വർഗ്ഗത്തെവീണ്ടിതാകൊണ്ടീടുന്നു.
　　അങ്ങോട്ടുനോക്കുവിൻമർത്യരെനമ്മുടെകാ-
യങ്ങൾതൂക്കുശിൽതാൻതൂങ്ങീടുന്നു!
ഏകക്ഷണത്തിലീലോകത്തെസൃഷ്ടിച്ചോ-
നേകാത്മാമർത്ത്യാവതീർണ്ണനായോൻ
ഏകദൈവത്തിൻകുമാരനീലോകാത്മ-
മേകദാഘോരമരണമേൽപൂ.

# മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം.

---

## അദ്ധ്യായം ൧൩.

വി. യൗസേപ്പിനെ വീണ്ടും സാത്താൻ പരീക്ഷിക്കുന്നു.

൧. ആക്ഷേപങ്ങൾ.—നമ്മുടെ യൗസേപ്പിന്നു് നല്ല യൌവനമായിരുന്നിട്ടും പുണ്യവളർച്ചയല്ലാ യാതൊരു കുറവുമുണ്ടാകാതിരുന്നതുകൊണ്ടു പിശാചിന്നു് അത്യധികമായ കോപവും പരിഭ്രമവുമുണ്ടായി. നമ്മുടെ വിശുദ്ധന്റെ ക്ഷമാശീലം ഒരിക്കൽക്കൂടി പരീക്ഷിക്കണമെന്നു നിശ്ചയിച്ചു് യൌസേപ്പിന്റെ അയൽക്കാരിൽ ഏതാനുമാളുകളുടെ ഉള്ളിൽ അവനോടു് അതികഠിനമായ ദ്വേഷം പിശാചു് അങ്കുരിപ്പിച്ചു. ദേവാലത്തിലേക്കു യൗസേപ്പു് പോകുമ്പോഴോ അല്ലെങ്കിൽ അവിടെനിന്നു മടങ്ങുമ്പോഴോ അവർ ക്രൂടിനിന്നു യൗസേപ്പിനെക്കുറിച്ചു പലതരത്തിലുള്ള അസംബന്ധങ്ങൾ പറഞ്ഞു സന്തോഷിച്ചിരുന്നു. എന്നാൽ ധീരനായ നമ്മുടെ യുവാവു് അവരുടെ ആക്ഷേപവാക്കുകളൊക്കെയും മൌനമായി സഹിക്കുകയും അവരുടെ പാപപ്പൊറുതിക്കായിട്ടു വത്തോടു് അപേക്ഷിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ മേല്പറഞ്ഞ ആഭാസന്മാരിലൊരുത്തന്റെ ഏതോ ഒരു വസ്തു എങ്ങിനേയൊ നഷ്ടപ്പെട്ടു. അതു തങ്ങളോടുള്ള വൈരാഗ്യംനിമിത്തം നമ്മുടെ യൌസേപ്പു മോഷ്ടിച്ചെടുത്തതാണെന്നു് അവർ തീർച്ചപ്പെടുത്തി. അതിനാൽ അവരെല്ലാവരുമൊന്നിച്ചുകൂടി യൌസേപ്പിന്റെ പണിമുറിയിൽ ചെന്നു് അവിടെയുണ്ടായിരുന്ന സകല സാമാനങ്ങളും അങ്ങിങ്ങായി അവർ വലിച്ചെറിയുകയും മോഷ്ടിക്കപ്പെട്ട സാമാനം ഉടനെ തിരിച്ചു കൊടുത്തില്ലെങ്കിൽ യൌസേപ്പിനെ ദേഹോപദ്രവം ചെയ്യുമെന്നു ഭയപ്പെടുത്തുകയും ചെയ്തു. എന്നാൽ നമ്മുടെ വിശുദ്ധൻ അത്യന്തം ശാന്തതയോടെ തന്റെ നിർദ്ദോഷത്വം അവരെ മനസ്സിലാക്കുന്നതിനു "ഞാൻ മോഷ്ടിച്ചിട്ടില്ല" എന്നു

മാത്രം സമാധാനം പറഞ്ഞു. അപ്പോൾ അവരുടെ കോപം അധികമാകയാണു് ചെയ്തതു്. വിശുദ്ധനെ അവർ നിർദ്ദയമായി അങ്ങോട്ടുമിങ്ങോട്ടും തള്ളുകയും തട്ടുകയും മറ്റും ചെയ്തു. ഇതെല്ലാം മൗനമായി ദൈവസ്നേഹത്തെപ്രതി യൌസേപ്പു സഹിച്ചു. ഒടുവിൽ അവർതന്നെ നന്നേ ക്ഷീണിച്ചു മടങ്ങിപ്പോയി. ഏറെത്താമസിയാതെ അവരുടെ ക്രൂത്തിൽപ്പെട്ട ഒരുവൻതന്നെയാണു് മേൽപറഞ്ഞ സാമാനം മോഷ്ടിച്ചതെന്നു തെളിവുണ്ടായി. നമ്മുടെ വിശുദ്ധന്റെ നിരപരാധിത്വം അങ്ങനെ എല്ലാവർക്കുംപ്രത്യക്ഷമാവുകയും അവനോടു് അതിൽപിന്നെ വലിയ ഭക്തി അവർ പ്രദർശിപ്പിക്കുകയും ചെയ്തു.

---

## എഫ്പ്പസൂസ് സുനഹദോസു്.

---

ക്രി-ാം ശതാബ്ദപൂത്തി ർന്ന ക്രിസ്തുമതക്കാർ.
(പത്രാധിപർ)

ഏഷ്യാമഹാഭ്രഖണ്ഡത്തിന്റെ പടിഞ്ഞാറുഭാഗത്തു കരിങ്കടലിന്റെയും മദ്ധ്യതരണ്യാഴിയുടെയും ഇടയ്ക്കു ഗ്രീസിന്റെ കിഴക്കായി കിടക്കുന്ന ഈജിയൻ കടലിലേക്കു തള്ളി നിൽക്കുന്ന ആ ഉപദ്വീപിനു് ഇപ്പോൾ ചെറിയ ഏഷ്യാ എന്നാണു പേരു്. ഒരു കാലത്തു് ഈ പ്രദേശത്തിന്റെ പടിഞ്ഞാറെ തീരത്തിന്റെ മദ്ധ്യത്തിലായി സ്ഥിതിചെയ്തിരുന്ന ഒരു സംസ്ഥാനമാണു് ഏഷ്യാ യെന്ന നാമം വഹിച്ചിരുന്നതു്. എഫ്പ്പസൂസ് ഇതിന്റെ തലസ്ഥാനനഗരമായിരുന്നു. പൌരാണികത്വംകൊണ്ടും കച്ചവടവും രാഷ്ട്രവും സംബന്ധമായ പ്രാധാന്യംകൊണ്ടും പ്രസിദ്ധമായിത്തീർന്ന ഈ മഹാനഗരത്തിന്റെ നാമംപോലും ഇപ്പോൾ അവശേഷമായി തീർന്നിട്ടില്ല. ഈ മഹാനഗരത്തിന്റെ ചരിത്രത്തിൽ ലിഡിയ, പേഴ്സിയാ, ഗ്രീക്കു്, റോമൻ എന്നീ മഹാസാമ്രാജ്യങ്ങളുടെ ചരിത്രങ്ങൾ കൂട്ടിമുട്ടുന്നു. എന്നാൽ എഫ്പ്പസൂസിന്റെ പ്രാചീനകാലത്തെ കീർത്തി, ഡയനാ എന്ന ദേവിക്കു് പ്രതിഷ്ഠിക്കപ്പെട്ടിരുന്ന അതിന്റെ മഹാക്ഷേത്രം മൂലമായിരുന്നു മുഖ്യമായി സിദ്ധിച്ചിരുന്നതു്. ലോകത്തിന്റെ പല ഭാഗങ്ങളിൽനി

ന്നും വന്നിരുന്ന അനേകായിരം തീർത്ഥയാത്രക്കാർ ഈ നഗരത്തിന്റെ ധനത്തെയെന്നപോലെ പ്രതാപത്തേയും പോഷിപ്പിച്ചിരുന്നു. ക്രിസ്തീയസഭാചരിത്രത്തിന്റെ ആദിമശതവർഷങ്ങളിൽ എഫ്പ്പേസൂസിനുണ്ടായിരുന്ന പ്രാധാന്യം ഒട്ടും ചെറുതായിരുന്നില്ല. യഹൂദന്മാർ മൂലമാണ് അവിടെ ക്രിസ്തുമതത്തിന് പ്രവേശനം ലഭിച്ചതു്. വിശുദ്ധപൌലോസ് അപ്പസ്തോലൻ അവിടെ മൂന്നു വർഷക്കാലം താമസിച്ച് പ്രേഷിതവൃത്തി നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ ലേഖനങ്ങളിലൊന്ന് എഫ്പ്പേസായക്കാർക്ക് എഴുതിയിട്ടുള്ളതാണ്. ആ ശ്ലീഹായുടെ ശിഷ്യനായിരുന്ന തിമത്തേയോസ് അവിടുത്തെ പ്രഥമമെത്രാനായിരുന്നു. വിശുദ്ധയോഹന്നാൻ ഇവിടെ ജീവിച്ചു മരിച്ചു എന്നുള്ളതിനു വിശ്വസനീയരേഖകളുണ്ട്. വിശുദ്ധ മറിയം മഗ്ദലേനയേയും വിശുദ്ധമറിയത്തെയും ഈ നഗരത്തോടു ബന്ധിപ്പിക്കുന്ന ഐതിഹ്യങ്ങളിൽ ആദ്യത്തെ ആളിനെക്കുറിച്ചുള്ളതു കൂടുതൽ വിശ്വാസയോഗ്യമായിരിക്കുന്നു. നിഖ്യാസൂനഹദോസിന്റെ കാലത്തു ചെറിയ ഏഷ്യായിലെ സഭാഭരണസംബന്ധമായ ഏറ്റവും പ്രധാനനഗരം എഫ്പ്പേസൂസായിരുന്നു. എന്നാൽ കാലാന്തരത്തിൽ ഈപ്രധാനസ്ഥാനം കൂസ്തന്തീനോ (Constantinople) പോലീസിനു വിട്ടുകൊടുക്കേണ്ടതായി വന്നു. ഏഴും പതിമ്മൂന്നും ശതാബ്ദങ്ങളുടെ ഇടയിൽ എഫ്പ്പേസൂസ് പല പ്രാവശ്യം ആക്രമണത്തിനും കൊള്ളയ്ക്കും ഇരയായിട്ടുണ്ട്. ഈ മഹാക്രിസ്തീയകേന്ദ്രത്തിന്റെ സ്ഥാനത്തു് ഒരു മുഹമ്മദീയകുഗ്രാമമാണ് ഇന്നു നാം കാണുന്നതു്. "അയസലൂക്കി"ൽ (Ayasoluk)— അതാണ് ആ നഗരത്തിന്റെ ഇപ്പോഴത്തെ പേരു്.—ഇപ്പോഴും മൂവായിരത്തിൽ കൂടുതൽ ജനങ്ങളില്ല. ഇതിനോടു തൊട്ട് ഇപ്പോൾ ചതുപ്പുനിലങ്ങളായി കിടക്കുന്ന സ്ഥലത്താണ് എഫ്പ്പേസൂസ് നഗരം ഒരിക്കൽ സ്ഥിതിചെയ്തിരുന്നതു്. ജീർണ്ണീഭവിച്ച അതിന്റെ അവശിഷ്ടങ്ങൾ ദീർഘകാലമായി അസ്തമിതമായി തീർന്നിരിക്കുന്ന അതിന്റെ ശ്രേഷ്ഠതയേ അനുസ്മരിപ്പിക്കാൻ മതിയായവയാണ്.

എന്നാൽ എഫ്പ്പേസൂസിനെ ഇന്നു നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതു് മേൽപ്രസ്താവിച്ച അതിന്റെ പൂർവ്വചരി

ത്രസ്മരണകളല്ല. മൂന്നാമത്തെ സർവ്വസാമാന്യസൂനഹദോസിന്റെ രംഗസ്ഥാനമായിരുന്നു എന്നുള്ളതാണു് ഈ നഗരത്തിനു് ഇക്കാലത്തുള്ള വൈശിഷ്ട്യം. ഈ മഹാസഭായോഗം കൂടിയിട്ടു പതിനഞ്ചുറാണ്ടുകൾ തികയുന്നതു് അടുത്ത ജൂൺ ൨൨-ാംതീയതിയാണു്. ആ സൂനഹദോസിന്റെ ചരിത്രം ഏതാണ്ടു് ഇപ്രകാരമാണു്. മെത്രാന്മാരുടെ ഒരു വലിയ സംഘം വിളിച്ചുകൂട്ടി, മാർ ക്രിലോസും താനുമായുള്ള അഭിപ്രായവ്യത്യാസങ്ങൾക്കു തീരുമാനം വരുത്തുന്നതിനുള്ള ആലോചന നെസ്തോറിസിൽ നിന്നാണു് ആദ്യമുണ്ടായതു്. മാർ ക്രിലോസ്, സെലസ്തീനോസ് മാർപാപ്പായുടെ പക്കൽ നെസ്തോറീസിന്റെ പേരിൽ മതവൈപരീത്യക്കുറങ്ങൾ ആരോപിക്കയുണ്ടായി. ഇതിനു മറുപടിയായി ക്രിലോസിനു തന്റെ അധികാരങ്ങൾ ഒഴിഞ്ഞുകൊടുത്തു്, മുന്നറിവു ലഭിച്ചിട്ടു പത്തുദിവസത്തിനകം നെസ്തോറീസു സ്വാഭിപ്രായങ്ങളെ പിൻവലിക്കാത്തപക്ഷം അയാളെ സഭയിൽനിന്നും സ്ഥാനത്തിൽനിന്നും ഭ്രഷ്ടനാക്കുന്നതിനു മാപ്പാപ്പാ ആജ്ഞാപിച്ചു. മാർ ക്രിലോസു് നാലുമെത്രാന്മാർമൂലം ഈ വിവരം നെസ്തോറീസിനെ അറിയിച്ചു. എന്തുവരാൻപോകുന്നു എന്നുള്ളതു് നിശ്ചയമുണ്ടായിരുന്ന നെസ്തോറീസ്, ക്രിലോസിനു് അടിപ്പെട്ടു നിന്നില്ലെന്നുതന്നെ തീർച്ചയാക്കി. മാപ്പാപ്പായുടെ ശാസനക്കു തന്റെ സ്നേഹിതനായ അന്ത്യോഖ്യയുടെ യോഹന്നാൻപാത്രിയർക്കീസിന്റെ ഉപദേശത്തിനോ അധീനനാകാതെ ചക്രവർത്തിമൂലം ഒരു സൂനഹദോസു വിളിച്ചുകൂട്ടുന്നതിനുള്ള ശ്രമം നെസ്തോറീസു് ഊർജ്ജിതമായി നടത്തിക്കൊണ്ടിരുന്നു. ഇതിന്റെ ഫലമായി ക്രിലോസിന്റെ ദൂതന്മാർ വന്നുചേരുന്നതിനു മുമ്പായി നവംബർ ൧൯-ാം തീയതി ചക്രവർത്തിയുടെ ക്ഷണക്കത്തുകൾ എല്ലാമെത്രാപ്പോലീത്താമാർക്കും അയച്ചു കഴിഞ്ഞിരുന്നു. എന്നാൽ ഒരു പ്രത്യേക കത്തു് ഒരുപ്രത്യേകദൂതൻവശം അന്നു ക്രിസ്തീയസഭയിലെ ഏറ്റവും വന്ദ്യനും മഹാനുമായ വിശുദ്ധ അഗസ്തീനോസിനു് അയയ്ക്കുകയുണ്ടായി. എങ്കിലും ഈ മഹാസൂനഹദോസിനു് ഈ അഗാധവേദശാസ്ത്രപണ്ഡിതന്റെ സാന്നിദ്ധ്യം ലഭിക്കുന്നതിനുള്ള ഭാഗ്യമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധഅ

ഗസ്തീനോസിന്റെ മരണം ൪൩൦ ആഗസ്റ്റ് മാസത്തിൽ സംഭവിച്ചിരുന്നു.

൪൩൫ ജൂൺമാസത്തിൽ റോമ്മാസാമ്രാജ്യത്തിന്റെ എല്ലാഭാഗത്തുനിന്നുംമെത്രാന്മാർ എഫ്പ്പേസൂസിൽ വന്നുകൂടുവാൻ തുടങ്ങി. തന്റെ കക്ഷിയിലുള്ള ഹന്ന മെത്രാന്മാരോടും ആയുധപാണികളായ ഒരു സേവകസംഘത്തോടുംകൂടി നെസ്തോറീസാണു് ആദ്യം വന്നുചേർന്നതു്. എഫ്പ്പേസൂസിലെ മെത്രാന്റെ സഹ്റഗന്മാരായ നാൽപതു മെത്രാന്മാർ അവിടെ ഹാജരുണ്ടായിരുന്നു. ക്രിലോസിന്റെ ക്രൂടെ ൪൦ മെത്രാന്മാർ വന്നിരുന്നു. യെറുശ്ലേംപാത്രിയക്കീസായ ജുവനലിനും അദ്ദേഹത്തിന്റെ കീഴുള്ള മെത്രാന്മാക്കും തെസ്സലോനിക്കായിലെ മെത്രാനായ പ്ലവിയാനോസിനും നിശ്ചിതസമയത്തു വന്നുചേരുന്നതിനു സാധിച്ചില്ല. ചക്രവത്തിയുടെ കമ്മീഷണർ എന്ന നിലയിൽ സമാധാനപരിപാലനത്തിനായി കൻഡീഡിയൻ എന്ന പ്രട്ട സ്ഥലത്തുതന്നെയുണ്ടായിരുന്നു. മാപ്പ്പ്പാ സൂനഹദോസിനെ അംഗീകരിക്കയും സൂനഹദോസു് വിളിച്ചു കൂട്ടിയതിനു ചക്രവത്തിക്കു നന്ദിസൂചകമായ എഴുത്തുകളോടുകൂടി തന്റെ പ്രതിനിധികളായി അക്കേഡിയൂസ് എന്നും പ്രോജെക്ടസെന്നും പേരായ രണ്ടു മെത്രാന്മാരെയും ഫിലിപ്പ് എന്നു പേരായ ഒരു പട്ടക്കാരനെയും അയയ്ക്കുകയും ചെയ്തു. നെസ്തോറീസിനെ സംബന്ധിച്ച സകല സംഗതിക്കും മാർപാപ്പാ ക്രിസ്തോസ്സിനെ തന്റെ പ്രതിനിധിയാക്കിയിട്ടുണ്ടായിരുന്നു. ഈ നിയമനത്തെ സൂനഹദോസുസമ്മതിക്കയും ചെയ്തു. മാപ്പ്പ്പായുടെ പ്രതിനിധിയെന്ന നിലയിൽ അദ്ദേഹം സൂനഹദോസിൽ അദ്ധ്യക്ഷം വഹിക്കുകയുണ്ടായി. ഇത്തീയപ്രതിനിധികളോടു് അദ്ദേഹത്തെ അദ്ധ്യക്ഷനായിസ്വീകരിക്കുന്നതിനും എല്ലാസംഗതികളിലും അദ്ദേഹത്തിന്റെ പക്ഷത്തുനിന്നു പ്രവത്തിക്കുന്നതിനും മാപ്പ്പ്പാ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഇനിയും വന്നുചേരാത്ത മെത്രാന്മാരെ പ്രതീക്ഷിച്ചു സൂനഹദോസു് കൂടെക്കൂടെ വിസ്തരിക്കുകാത്തിരുന്നു. അന്ത്യോഖ്യായിലെ യോഹന്നാൻ പാത്രിയക്കീസ് എന്നിട്ടും സമാഗതനായില്ല. താമസത്തിന്റെ കാരണം നെസ്തോറീസിനെ ശപിക്കുന്നതിലുള്ള വൈമനസ്യമാണെന്ന ശ്രുതി പര

ന്നു. ഈ സമയംകൊണ്ടു കാലസ്ഥിതി മാറുകയും ചൂടു വർദ്ധിക്കുകയാൽ വിദേശികളായ പല മെത്രാന്മാക്കും രോഗം ബാധിക്കുകയും ചെയ്തു. രണ്ടോ മൂന്നോ ആളുകൾ മരിച്ചു. അന്ത്യോഖ്യായിലെ യോഹന്നാൻ പാത്രിയക്കീസു് തന്റെ സാന്നിദ്ധ്യത്തിനുള്ള താമസം സൂനഹദോസുകൂടുന്നതിനു് ഒരു പ്രതിബന്ധമായിരിക്കുമെന്നു ആഗ്രഹത്തെ അദ്ദേഹത്തിന്റെ രണ്ടുമെത്രാന്മാർ മൂലം സൂനഹദോസിനെ ധരിപ്പിച്ചു. എന്നിരുന്നിട്ടും ഈ മെത്രാന്മാർ രണ്ടും മറ്റു് അറുപത്തഞ്ചു് മെത്രാന്മാരോടു ചേർന്നു് യോഹന്നാൻ പാത്രിയക്കീസിനെ പ്രതീക്ഷിച്ചിരിക്കണമെന്നുകാണിച്ചു് ക്രില്ലോസിനും ജുവനെല്ലിനും ഒരു നിവേദനം സമർപ്പിച്ചു. രാജകീയപ്രതിനിധിയായ കൻഡീഡിയനും ഈ പക്ഷക്കാരനായിരുന്നു. ക്രില്ലോസ്സും ഭൂരിപക്ഷവും സൂനഹദോസു് ജൂൺ 22-ാം തീയതി കൂടുന്നതിനു തീരുമാനിച്ചു. യോഹന്നാൻ പാത്രിയക്കീസിനെ പ്രതീക്ഷിച്ചിരുന്നിട്ടു് അപ്പോഴേക്കു രണ്ടാഴ്ച കഴിഞ്ഞിരുന്നു. അദ്ദേഹം വരാതെ മനഃപൂർവമായി താമസിക്കുകയായിരുന്നു എന്നാണു് ഭൂരിപക്ഷത്തിന്റെയും അഭിപ്രായം. അതു മിക്കവാറും ശരിതന്നെ ആയിരിക്കും. എന്നാൽ റോമൻപ്രതിനിധികളും അപ്പോഴേക്കും വന്നുചേർന്നിട്ടില്ലായിരുന്നു എന്നോർമ്മിക്കുമ്പോൾ ന്യൂനപക്ഷക്കാർക്കു കൂടുതൽ "വിട്ടുവീഴ്ച" കാണിക്കുന്നതിൽ വ്യസനിക്കാതെ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ സൂനഹദോസിൽ അനുവർത്തിക്കേണ്ട നടപടികളേക്കുറിച്ചു ക്രിലോസ് മാപ്പ്വപ്പായോടു ചില സന്ദേഹങ്ങൾ ചോദിച്ചിട്ടുണ്ടായിരുന്നു. അവയുടെ മറുപടിക്കു കാത്തിരിക്കാതെയാണു് സൂനഹദോസ് ആരംഭിച്ചതു്.

സൂനഹദോസിന്റെ പ്രഥമദിവസം രാവിലത്തെ യോഗത്തിൽ ഏകദേശം മെത്രാന്മാരുണ്ടായിരുന്നു. എന്നാൽ അന്നുതന്നെ ഉച്ചകഴിഞ്ഞു കൂടിയ യോഗത്തിൽ അവരുടെ സംഖ്യ ഏതാണ്ടായി വർദ്ധിച്ചു. കൌൺസിലിലെ ആദ്യത്തെ നടവടി സൂനഹദോസ് ഉടനെ തന്നെ കൂടിയതിനുള്ള കാരണങ്ങളെ വിവരിക്കുന്ന ഒരു സമാധാനമായിരുന്നു. നെസ്റ്റോറീസ്സിനെ യോഗത്തിലേക്കു് തലേദിവസം തന്നെ ക്ഷണിച്ചിരുന്നു. എന്നാൽ അതിനുള്ള നെ

സ്തോറിസ്സിന്റെ മറുപടി, തനിക്കിഷ്ടമുണ്ടെങ്കിൽ ഫാജരാകുമെന്നായിരുന്നു. രണ്ടാമത്തെ ക്ഷണിപ്പിനു് എല്ലാ മെത്രാന്മാരും ഫാജരാകുമ്പോൾ താനും സന്നിഹിതനാകുമെന്നു മറുപടി കൊടുത്തു. മൂന്നാമത്തെ ക്ഷണിപ്പിനു് മറുപടിപോലും അയച്ചില്ല. ക്രിസ്തോസിനെ തന്റെ വിധികർത്താവായി സ്വീകരിക്കുന്നതിനു് നെസ്തോറീസിനുസമ്മതമില്ലായിരുന്നു. അന്ത്യോഖ്യയിൽനിന്നു് തന്റെ സ്നേഹിതന്മാർ വരുന്നതിനു മുമ്പായി സൂനഹദോസു് ആരംഭിച്ചതു് മഹാപരാധമായെന്നാണു് നെസ്തോറിസ്സ് കരുതിയതു്. യോഗം തുടർന്നു. നെസ്തോറീസിനയച്ചിരുന്ന ക്രിസ്തോസിന്റെ എഴുത്തു വായിക്കപ്പെട്ടു. ഈ എഴുത്തു് നിഖ്യാവിശ്വാസപ്രമാണത്തിനു് അനുരൂപമാണെന്നുള്ള മെത്രാന്മാരുടെ അഭിപ്രായം ക്രിസ്തോസിന്റെ ആഗ്രഹപ്രകാരം ഓരോരുത്തരായി പ്രകടിപ്പിച്ചു. പിന്നീടു നടന്നതു് സെലസ്റ്റീൻ പാപ്പായുടെ എഴുത്തും ക്രിസ്തോസിന്റെ നെസ്തോറീസിനുള്ള എഴുത്തും അതിലടങ്ങിയിരുന്ന 12 മഹരോനും വായിക്കുക എന്നതായിരുന്നു. മാപ്പായുടെ അന്ത്യശാസനത്തെ (ultimatum) നെസ്തോറീസിനെ അറിയിച്ച മെത്രാന്മാർ അപ്രകാരം ചെയ്തു എന്നു് സത്യത്തിന്മേൽ ബോധിപ്പിച്ചു. ഇതിനുശേഷം ക്രിസ്തോസിന്റെ ആവശ്യപ്രകാരം നെസ്തോസിന്റെ സ്നേഹിതന്മാരായരണ്ടുമെത്രാന്മാർ എപ്പേസൂസിൽവച്ചു് നെസ്തോറീസുമായിനടത്തിയ സംഭാഷണത്തെ വിവരിച്ചു. പിതാക്കന്മാരുടെകൃതികളിൽനിന്നു് ഉദ്ധരിച്ചതായ പലഭാഗങ്ങളും യോഗത്തിൽ വായിക്കുകയുണ്ടായി. ഇവയ്ക്കു വിപരീതമായ ആശയങ്ങളടങ്ങിയ പല ഭാഗങ്ങളും നെസ്തോറീസിന്റെ കൃതികളിൽ നിന്നും വായിക്കുകയുണ്ടായി. കാത്തേജിലെ മെത്രാനായ കപ്രെയോളസിന്റെഎഴുത്തും സഭയിൽ വായിച്ചു. യോഗത്തിൽ യാതൊരു തർക്കവാദങ്ങളും നടന്നില്ല. നെസ്തോറീസിനെ മാപ്പാപ്പാ മഹരോൻ ചൊല്ലിയിരുന്നതിനാലും സൂനഹദോസു് മൂന്നു തവണ ആവശ്യപ്പെട്ടിട്ടും അയാളും ഫാജരാകാഞ്ഞതുകൊണ്ടും സ്ഥാനത്തിൽ നിന്നും നീക്കി അയാളെ മഹരോനിൽ ഉൾപ്പെടുത്തി. സൂനഹദോസിന്റെ ഈ നടപടിയിൽ 200 മെത്രാന്മാർ ഒപ്പുവച്ചു. നെസ്തോറീസിനെ വിവരം നോട്ടീസുമൂലം തിരുമനസ്സറിയിച്ചു: ഈ

കാര്യങ്ങളെല്ലാം ഒരറ ദീർഘയോഗത്തിലാണ് നിർവഹിക്കപ്പെട്ടതു്. യോഗത്തിന്റെ തീരുമാനങ്ങളം വൈകാറായപ്പോളം മാത്രമെ പട്ടണത്തിൽ അറിഞ്ഞുള്ളു. പട്ടണവാസികളം ആനന്ദഭരിതരായി പിതാക്കന്മാരെ അവരവരുടെവാസസ്ഥലങ്ങളിലേയ്ക്കു പന്തങ്ങളംകത്തിച്ചുപിടിച്ചു ഘോഷയാത്രയായി ആനയിച്ചു. നടവടികളുടെ ചുരുക്കംകത്തുമൂലം യോഗത്തിൽനിന്നും ചക്രവത്തിയേയും കുസ്തന്തീനോപോലിസിലെ വൈദികഗണത്തേയും ജനത്തേയും അറിയിച്ചു. ഇതിനു മുൻപായിതന്നെ നെസ്റ്റോറീസും സപക്ഷത്തുള്ള പത്തുമെത്രാന്മാരും, സൂനഹദോസിന്റെ നടവടിപിശകുകളെപ്പറ്റിയും അവരുടെ മെത്രാന്റെ പ്രേരണയാൽ എഫേസൂസിലെ നഗരവാസികളം പ്രവത്തിച്ച അക്രമങ്ങളെപ്പറ്റിയും ചക്രവത്തിയുടെ അടുക്കൽ കത്തുമൂലം ആവലാതിപ്പെട്ടകയുമുണ്ടായി.

യോഗം അവസാനിച്ചു് അഞ്ചുദിവസങ്ങളം കഴിഞ്ഞപ്പോളം അന്തിയോഖ്യായിലെ യോഹന്നാൻ പാത്രിയക്കീസു വന്നുചേന്നു. ക്രില്ലോസിന്റെ പക്ഷക്കാർ അദ്ദേഹത്തെ ആഭിവാദ്യം ചെയ്യുന്നതിനു് ഒരു പ്രതിനിധി സംഘത്തെ അയച്ചു. എന്നാൽ മെത്രാന്മാർ ലഹളക്കാരാണെന്നുള്ള നാട്യത്തിൽ, പാത്രിയക്കീസു തന്റെ വാസസ്ഥലത്തെ കാക്കുന്നതിനായി പട്ടാളക്കാരെ നിയോഗിക്കയാണു് ചെയ്തതു്. ഈ അഭിവാദകന്മാരെ സ്വീകരിക്കാതെ പാത്രിയക്കീസു് വേറൊരു സൂനഹദോസ് കൂട്ടുകയുണ്ടായി. സൂനഹദോസു് ആരംഭിച്ചതു് തന്റെഅഭിപ്രായത്തിനെതിരായിട്ടായിരുന്നു എന്നും, സൂനഹദോസിന്റെ ആദ്യത്തെ യോഗത്തിൽതാൻ ഹാജരായിരുന്നു എന്നും,അവിടെചക്രവത്തിയുടെ കത്തുകംതാൻവായിച്ചു എന്നും ചക്രവത്തിയുടെകമ്മീഷണറായിരുന്ന കൻഡിഡിയനും ബോധിപ്പിച്ചു. യോഹന്നാൻ പാത്രിയക്കീസ് എഫേസൂസ് മെത്രാപ്പോലീത്തായുടെ പേരിൽല ഹളക്കാരനെന്നും, ക്രില്ലോസിന്റെ പേരിൽ എടുത്തുചാട്ടക്കാരനെന്നുമുള്ള കുററങ്ങളം ആരോപിച്ചു. ഇവർ രണ്ടുപേരെയും അവരുടെ സ്ഥാനങ്ങളിൽനിന്നും നീക്കം ചെയ്യുകയെന്നു് ആ യോഗത്തിൽ ഹാജരായിരുന്ന ൧൧ മെത്രാന്മാർ തീരു

മാനിച്ചു. ക്രില്ലോസ്സിന്റെ ഫാ മഹറോനെ മറവുള്ള മെത്രാന്മാർ ശപിക്കുന്ന പക്ഷം അവക്കു മാപ്പുകൊടുക്കുന്നതാണെന്നും തീർച്ചയാക്കി. എന്നിരുന്നാലും നെസ്റ്റോറീസിനെ ആദരിക്കുന്ന ഒറവാക്കുപോലും ആ യോഗത്തിൽ ആരും പറഞ്ഞില്ലെന്നുള്ളതു് ഓർമ്മിക്കേണ്ടതാണു്. ലാഹളക്കു് ഒരുങ്ങുന്നു എന്നു് ഇരുകൂട്ടരും പരസ്പരം ആവലാതി പറയാൻ തുടങ്ങി. ഇരുകക്ഷികളും ചക്രവത്തിക്കു റിപ്പോർട്ടുകളയച്ചു. രണ്ടുകക്ഷികളും യോജിച്ചു യോഗംകൂടി സംഗതികൾ വീണ്ടും തുടങ്ങണമെന്നു കാണിച്ചു ചക്രവത്തി മറുപടി അയച്ചു. താനുംപ്പെട്ട ആറുമെത്രാന്മാരെ വിളിച്ചുവരുത്തി കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി ഗ്രഹിക്കണമെന്നായിരുന്നു ക്രിലോസ്സിന്റെ അഭിപ്രായം.

ജൂലൈ ഫാ-ാംതീയതിയോടുകൂടി മാത്രമെ മാർപ്പാപ്പായുടെ പ്രതിനിധികൾ വന്നുചേരുന്നതിനു സാധിച്ചുള്ളൂ. സൂനഹദോസിന്റെ രണ്ടാമത്തെയോഗം മെത്രാസന അരമനയിൽവെച്ചാണു് നടന്നതു്. യോഗനടപടികൾ മാർപ്പാപ്പായുടെ പ്രതിനിധിയായ ഫിലിപ്പിന്റെ ഒരു പ്രസംഗത്തോടുകൂടി ആരംഭിച്ചു. മാർപ്പാപ്പായുടെ ആദ്യത്തെ എഴുത്താൽതന്നെ സംഗതികൾ തീരുമാനപ്പെട്ടുപോയി എന്നും, ആ എഴുത്തു് പ്രഥമയോഗത്തിൽതന്നെ വായിക്കപ്പെട്ടതിനാൽ തന്റെ കൈവശംകൊണ്ടുവന്നിട്ടുള്ള എഴുത്തു വായിക്കുന്നു എന്നും പ്രസ്താവിച്ചുകൊണ്ടാണു് അദ്ദേഹം പ്രസ്തുത കത്തു വായിച്ചതു്. എഴുത്തിലെ സാരമനുസരിച്ചു മാപ്പാപ്പാ പ്രസ്താവിച്ച വിധിയെ സൂനഹദോസ് നടപ്പിൽ വരുത്തണമെന്നു പ്രൊജക്ടസ്സെന്ന പ്രതിനിധി ആവശ്യപ്പെട്ടു. അക്കേഡിയസ് എന്ന പ്രതിനിധി സൂനഹദോസിൽ നിശ്ചിതസമയത്തു ഹാജരാകുവാൻ സാധിക്കാഞ്ഞതിലുള്ള വ്യസനം രേഖപ്പെടുത്തിക്കൊണ്ടു സൂനഹദോസിന്റെ നിശ്ചയങ്ങളെ കാണുന്നതിനു് അഭ്യർത്ഥിച്ചു. ഒടുവിൽ ഫിലിപ്പ് മാർപ്പാപ്പായുടെ ആളിന്നുള്ള പ്രതിനിധി(personal representative) എന്ന നിലയിൽ പാപ്പായുടെ തീരുമാനത്തോടു സൂനഹദോസു് ചേർന്നതിലുള്ള സന്തോഷത്തെ പ്രകടിപ്പിച്ചു. പിറേറദിവസം സൂനഹദോസിന്റെ മൂ

ന്നാമത്തെ യോഗം കൂടി. ആദ്യയോഗത്തിലെ നിശ്ചയങ്ങൾ വായിച്ചു കേട്ടതിന്റെ ശേഷം നെസ്തോറീസിന്റെ മേലുള്ള സൂനഹദോസിന്റെ പ്രസ്താവന തീരുമാനത്തെ മാർപ്പാപ്പായുടെ നാമത്തിൽ പ്രതിനിധികൾ ഓരോരുത്തരായി സ്ഥിരപ്പെടുത്തി. പിന്നീട് മൂന്നാംയോഗത്തിലെ നിശ്ചയങ്ങളും വായിച്ചുകേട്ട് അവർ ഒപ്പുവച്ചു. യോഗത്തിൽനിന്നും ചക്രവർത്തിക്കും ഒരു കത്തയച്ചുകൊടുത്തു. അതിൽ മാർപ്പാപ്പാ റോമിൽ സൂനഹദോസുകൂടി തന്നെയും പടിഞ്ഞാറെ സഭയേയും പ്രതിനിധീകരിക്കുന്നതിനു മുന്നു് അംഗങ്ങളെ സൂനഹദോസിലേക്കയച്ചു എന്നും ക്രിസ്തീയ സഭ ഒന്നാകെ ഒരഭിപ്രായമാണെന്നും മെത്രാന്മാർ അവരുടെ ഇടവകകളിലേയ്ക്കു് മടങ്ങുന്നതിനു ചക്രവർത്തി അനുവദിക്കണമെന്നും നെസ്തോറീസിന്റെ പക്ഷക്കാരിൽ ചിലർ മാത്രമെ ക്രിസ്തീയസഭയുടെ പൊതുതീർപ്പിനെ എതിർത്തിട്ടുള്ളു എന്നും കൂസ്തന്തിനോപ്പോലീസിലേയ്ക്കു് ഒരു മെത്രാനെ നിയമിക്കണമെന്നും വിവരിച്ചിരുന്നു. ജൂലൈ ഗ്രന്ഥ-ാംതീയതി ദൈവമാതാവിന്റെ

---

"മിശ്രവിദ്യാഭ്യാസം"—വിദ്യാർത്ഥികളുടെ സന്മാർഗ്ഗജീവിതത്തിനു മിശ്രവിദ്യാഭ്യാസം ഹാനികരമാകയാൽ കത്തോലിക്കസഭ ഇതിനെ ശക്തിയായിഎതിർക്കുന്നു. ഇതേസംബന്ധിച്ചു് തിരുവിതാംകൂർ അദ്ധ്യാപകസംഘവക മാസികയിൽ (Journal of the Travancore teachers' Association)ഇപ്രകാരംകാണുന്നു."ബാല്യപ്രായത്തിലുംവിദ്യാർത്ഥിജീവിതത്തിന്റെ അവസാനഘട്ടത്തിലും മിശ്രവിദ്യാഭ്യാസം സൌകര്യവും ഗുണപ്രദവുമാണ്...എന്നാൽ പതിമ്മൂന്നു മുതൽ ഇരുപതുവരേയുള്ളപ്രായത്തിൽനമ്മുടെസ്ത്രീകളേതന്നിച്ചുതന്നെ വിദ്യാഭ്യാസം ചെയ്യികേണ്ടതാണെന്നുള്ളതിനേക്കുറിച്ചു് അഭിപ്രായവ്യത്യാസം ഒന്നുംഉണ്ടാകാൻപാടുള്ളതല്ലാ." ഇതിലും ശക്തിയായി മദ്രാസ് പ്രസിഡൻസിയിലെകത്തോലിക്ക വിദ്യാഭ്യാസ കൌൺസിൽ കുറേ മാസങ്ങൾക്കു മുമ്പു് മൈലാപ്പൂർ മെത്രാൻ മോൺസിഞ്ഞോർ എം. എം. ടെക്കെസരയുടെ അദ്ധ്യക്ഷതയിൽക്കൂടിയ അതിന്റെ നാലാമത്തെ പൊതുവാർഷികയോഗത്തിൽ "മിശ്രവിദ്യാഭ്യാസത്തേ" സംബന്ധിച്ചു് ഒരു പ്രമേയം പാസാക്കിയിരിക്കുന്നതു് ഇപ്രകാരമാണു് "പത്തുവയസിനു മേലോട്ടുള്ള മിശ്രവിദ്യാഭ്യാസത്തെ ഈ കൌൺസിൽശക്തിയായിഎതിർക്കുന്നു."

പള്ളിയിൽ ആദ്യത്തെ യോഗംപോലെ സൂനഹദോസിന്റെ ഒരു പരസ്യയോഗം കൂടുകയുണ്ടായി. പിറേദിവസവും ഈ പള്ളിയിൽവച്ചുതന്നെ സൂനഹദോസിന്റെ അഞ്ചാമത്തെ യോഗവുംകൂടി. ഈ യോഗത്തിൽവച്ചു യോഹന്നാൻ പാത്രിയക്കീസിനെയും അയാളുടെ കക്ഷിക്കാരായ നെർ മെത്രാന്മാരെയും സൂനഹദോസ് സസ്പെൻഡു ചെയ്തു. സൂനഹദോസിന്റെ ആ യോഗത്തിൽവച്ചാണ് മെത്രാന്മാർ സംബന്ധിച്ചിരുന്നു. ഈ യോഗത്തിൽനിന്നു സൂനഹദോസിന്റെ പൂർണ്ണവിവരണമടങ്ങിയ ഒരുകത്തു് സെലസ്റ്റീനോസ് മാർപ്പാപ്പായ്ക്കു് അയയ്ക്കുകയുണ്ടായി.

സൂനഹദോസിന്റെ ഒമ്പതാമത്തെയും ഒടുവിലത്തെയും യോഗം ജൂലായി നാലാംതീയതി കൂടി. ഇരുകക്ഷികളും ചക്രവർത്തിയെ തങ്ങളുടെ വശമാക്കുന്നതിനുള്ള ശ്രമമായി. ഒടുവിൽ ചക്രവർത്തി ഇരുകക്ഷികളുടെയും സൂനഹദോസുകളുടെ നിശ്ചയങ്ങളെ അംഗീകരിച്ചുള്ള കൽപന പുറപ്പെടുവിച്ചു. എന്നാൽ നെസ്തോറീസുകക്ഷിയുടെ ഭഗീരഥപ്രയത്നങ്ങൾ എതിരായിരുന്നിട്ടും സൂനഹദോസിന്റെ പ്രതിനിധികൾക്കു തങ്ങളുടെ സൂനഹദോസാണു് യഥാർത്ഥസൂനഹദോസെന്നുള്ള ചക്രവർത്തിയുടെ അംഗീകരണം ലഭിക്കുന്നതിനു സാധിച്ചു. സൂനഹദോസ് ഒക്ടോബർ ആരംഭത്തോടുകൂടി പിരിഞ്ഞു. ഒക്ടോബർ അവസാനത്തിൽ ക്രിസോസ്തോം അലക്സാന്ത്രിയായിൽ മടങ്ങിയെത്തി. സെലസ്റ്റീനോസു മാർപ്പാപ്പാ ഇതിനുമുൻപുതന്നെ കാലഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ അനന്തരഗാമി സിക്ടസ് മൂന്നാമനാണു് സൂനഹദോസിനെ അംഗീകരിച്ചതു്. നെസ്തോറീസു തന്റെ ശിഷ്ടായുഷ്കാലം ഒരു കൊവേന്തയിൽ കഴിച്ചുകൂട്ടി.

മലങ്കര യാക്കോബായക്കാർ തുടങ്ങിയുള്ള പൌരസ്ത്യശീശ്മക്കാർ സശരീരം കന്യാ സമ്മതിക്കുന്ന എപ്പേസൂസ് സൂനഹദോസു്, മാർപ്പാപ്പായുടെ പരമാധികാരത്തെയും പരിശുദ്ധകന്യകമറിയത്തിനോടുള്ള ഭക്തിയേയും എത്രശക്തിയോടും ഫലമുണ്ടോടും കൂടി വിശദീകരിച്ചു നടപ്പിൽ വരുത്തിയിട്ടുള്ളതാണെന്നു് മേലുദ്ധ

രിച്ച സൂനഹദോസ് ചരിത്രത്തിൽനിന്നു മദ്ധ്യാഹ്നസൂര്യപ്രകാശം പോലെ വിശദമാകുന്നതാണു്. ആകയാൽ നെസ്തോറിയൻ അബദ്ധപഠനങ്ങളെ ശപിക്കുന്നതിനായി എ൫ നൂറാണ്ടുകൾക്കു മുൻപു സമ്മേളിച്ച പ്രസ്തുത സൂനഹദോസിന്റെ സ്മരണ പൌരസ്ത്യസഭക്കാർ ആഘോഷസമനിതം കൊണ്ടാടേണ്ടതാണെന്നു് മാർപാപ്പാ തിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ചിട്ടുള്ള ആഗ്രഹത്തിൽ വളരെ കാര്യസാരങ്ങളം അടങ്ങിയിട്ടുണ്ടു്.

---

# വിശുദ്ധ യോഹന്നാനും ധൂർത്തനായ യുവാവും

---

(ക. നി. മു. സ. മാണിക്കത്തനാർ)

അലക്സാന്ത്രിയായിലെ വി. ക്ലെമെൻറു് രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണു് താഴെപ്രസ്താവിക്കുന്നതു്. സുവിശേഷകനായ വി. യോഹന്നാൻ നാടുകടത്തപ്പെടുന്നതിനു കുറെമുമ്പു ചെയ്ത ഒരു യാത്രയിൽ കാര്യസ്ഥൻയോഗ്യനും ആത്മിക ഗുണങ്ങളംകൊണ്ടു സമ്പന്നനെന്നു തോന്നിച്ചിരുന്നവനുമായ ഒരു യുവാവിനെ ഒരു ജനക്കൂട്ടത്തിൽ കണ്ടെത്തുവാനിടയായി. അദ്ദേഹം അവനെ കൂട്ടിക്കൊണ്ടുപോയി സ്ഥലത്തെ മെത്രാനെ ഏല്പിച്ചുകൊണ്ടു പറയുന്നു: "ഇതാ! ഇവനെ ദൈവത്തിന്റെയും തിരുസഭയുടെയും മുമ്പാകെ നിങ്ങളെ ഞാൻ ഭാരമേല്പിക്കുന്നു. എത്ര പരിശുദ്ധമായ ഒരു നിക്ഷേപമാണു നിങ്ങളംക്കു ഞാൻ ഏല്പിച്ചുതരുന്നതെന്നു ദൈവം അറിയുന്നു. ഈ നിധി എന്റെ ഹൃദയത്തിനു് അത്യന്തം പ്രസാദജനകമാണു്." "മെത്രാനാകട്ടെസകലവിധശ്രദ്ധയോടും അവനെ സൂക്ഷിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തു. അനന്തരം വേണ്ട കാര്യങ്ങളെല്ലാം വീണ്ടും ഉപദേശിച്ചുശേഷം വി, യോഹന്നാൻ എഫെസൂസിലേക്കുപോയി. മെത്രാൻ ആ യുവാവിനെ തന്റെ ക്രമത്തനെ പാഠിപ്പിച്ചു പൈതൃകമായ സ്നേഹത്തോടുകൂടി പഠിപ്പി

ക്കയും ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. അതിൽപ്പിന്നെ ഇത്ര നിഷ്കർഷയോടെയുള്ള അന്വേഷണം മേലാൽ ആവശ്യമില്ലെന്നു മെത്രാൻ കരുതി. എന്നാൽ അദ്ദേഹത്തിന്റെ നോട്ടം അല്പം കുറഞ്ഞപ്പോൾ ആ യുവാവു് മുട്ടാളന്മാരും ദുർവൃത്തന്മാരുമായ ക്രൂരകാരോട്ടുക്രൂടി സംസർഗ്ഗം ചെയ്യുവാൻ ആരംഭിച്ചു. തങ്ങളുടെ വിരുന്നുകളിലും വിനോദങ്ങളിലും സംബന്ധിക്കുവാനാണു് അവർ ആദ്യമായി അവനെ ആകർഷിച്ചതു്. വഴിപോക്കരെ രാത്രികാലങ്ങളിൽ ആക്രമിച്ചു് അവരുടെ കൈവശമുള്ളതെല്ലാം പിടിച്ചു പറിക്കുന്ന തൊഴിലിൽ സംബന്ധിക്കുവാൻ പിന്നീടു് അവനെ അവർ പ്രേരിപ്പിച്ചു. അവൻ അവരുടെ ദുഷ്കൃത്യങ്ങളിൽ ക്രമേണ പങ്കെടുക്കയും മഹാ പാതകങ്ങളും പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തു. ആപൽശങ്കയോ, ദൈവസ്മരണയോ, ആത്മരക്ഷയിൽ പ്രതീക്ഷയോ ഇല്ലാതെ അവൻ ദുഷ്ടന്മാരായ ആ ക്രൂരകാരുടെ നായകത്വം വഹിച്ചു് മലവഴികളിൽ പതിയിരിക്കുക നിമിത്തം ആ നാട്ടിനെല്ലാം അവൻ ഒരു ഭയകാരണമായിത്തീർന്നു. ദൈവദാസനായ യോഹന്നാൻ സ്വദേശത്തു മടങ്ങിയെത്തിശേഷം അദ്ദേഹത്തിന്റെ വിചാരം ഒന്നാമതായി പതിഞ്ഞതു് താൻ മുമ്പുവിട്ടുപോയ യുവാവിലായിരുന്നു. അവനെ ഏല്പിച്ചിരുന്ന മെത്രാനെ വിശ്വാസ്യൻ കാലവിളംബമെന്നിയെ സന്ദർശിച്ചു. അപ്പോൾ യോഹന്നാൻ ആ മെത്രാനോടു്, 'സൂക്ഷിക്കേണ്ടതിനായി മിശിഹായുടെ നാമത്തിൽ നിങ്ങളെ ഞാൻ ഏല്പിച്ചിരുന്ന നിക്ഷേപം എനിക്കു തിരികെത്തരിക' എന്നു പറഞ്ഞു. മെത്രാൻ ആശ്ചര്യത്തോടുക്രൂടി വിശ്വാസ്യനോടു, അദ്ദേഹം ഏതു നിക്ഷേപത്തെ ഉദ്ദേശിച്ചു പറയുന്നു എന്നു ചോദിച്ചു. 'നിങ്ങളുടെ ചെറിയ സഹോദരന്റെ ആത്മാവിനെയാണു് ഞാൻ ആവശ്യപ്പെട്ടതു്', എന്നായിരുന്നു വി. യോഹന്നാന്റെ മറുപടി. അപ്പോൾ മെത്രാൻ മുഖം മറുവശത്തേക്കു തിരിച്ചുകരഞ്ഞുകൊണ്ടു, 'അയ്യൊ! അവൻ മരിച്ചുപോയി, എന്നു മറുപടി പറഞ്ഞു. 'മരിച്ചുപോയോ? അവൻ എങ്ങനെ മരിച്ചു, എന്നു വൃദ്ധനായ യോഹന്നാൻ വിറയലോടുക്രൂടി ചോദിച്ചു. 'അവൻ ദൈവത്തിനു മരിച്ചുപോയിരിക്കുന്നു, എന്നു മെത്രാൻ കണ്ണുനീർ വാർത്തു

കൊണ്ടു പറയുകയും, യുവാവ്തന്നെയും തിരുസഭയെയും വിട്ടു പോയകാര്യമെല്ലാം വിവരിച്ചു കേൾപിക്കയുംചെയ്തു. 'അവൻ കൊള്ളക്കാരുടെ തലവനായിത്തീർന്ന തന്നെപ്പോലെ സാഹസികളായ ഒരു ജനക്കൂട്ടത്തോടുകൂടി മലവഴിയിൽ പതിയിരിക്കുന്നു, എന്നുകൂടിമെത്രാൻ പറഞ്ഞപ്പോൾ യോഹന്നാൻ ഉടൻഖാധികൃത്താൽ സ്വന്തവസ്ത്രങ്ങൾകീറി നെഞ്ചിൽ ഇടിച്ചുകൊണ്ടു 'എന്റെ സഹോദരനെ ഇങ്ങനെയുള്ള ഒരിടയന്റെ പക്കലാണു് ഞാൻ ഏൽപിച്ചുപോയതു!. ഒരു കുതിരയേയും ഒരു വഴികാട്ടിയേയും വേഗം കൊണ്ടുവരിക, എന്നുനിലവിളിച്ചുപറഞ്ഞു. അദ്ദേഹം കുതിരപ്പുറത്തുകയറി, ആശ്ചര്യഭരിതരായി നിന്നിരുന്നജനക്കൂട്ടത്തെവിട്ടു മലവഴിയിലേക്കു് ഓടിച്ചുപോയി. അവിടെ കവർച്ചക്കാരുടെക്കൂട്ടം ഉടനെ അദ്ദേഹത്തെവളഞ്ഞു. തന്റെ പേരിൽ കരുണയുണ്ടാകണമെന്നു് അവരോടപേക്ഷിക്കയൊ അവരുടെ മറുപടി പാത്തിരിക്കയൊ ചെയ്യാതെ 'നിങ്ങളുടെ തലവന്റെ അടുക്കലേക്കു് എന്നെ നിങ്ങൾ കൊണ്ടുപോകുവിൻ. അവനുമായിട്ടാണു് എനിക്കു് കാര്യമുള്ളതു്, എന്നു് അദ്ദേഹം പറഞ്ഞു. കൊള്ളക്കാരുടെ തലവൻ ആയുധംധരിച്ചു തടവുകാരന്റെ വരവു പാത്തിരിക്കയായിരുന്നു. എന്നാൽ അവൻ തടവുകാരനെ കണ്ടമാത്രയിൽ അദ്ദേഹം മുൻകാലങ്ങളിലെ തന്റെ പിതാവാണെന്നു തിരിച്ചറിഞ്ഞു്, ലജ്ജാനിമിത്തം ഓടിക്കളഞ്ഞു. വിശ്വാസനാകട്ടെ കുതിരയെ വേഗംഓടിച്ചു അവന്റെ പിറകെയെത്തി ഹൃദയഭേദകമായ സ്വരത്തിൽ അവനോട്ടു്, "ഹാ! എന്റെ മകനെ! എന്റെ മകനെ! നിന്റെ പിതാവിൽ നിന്നു നീ ഓടിയകലുന്നതെന്തു? നിരായുധനായ ഒരു വൃദ്ധനെ നീ പേടിക്കുന്നതെന്തു? എന്റെ മകനെ! എന്റെപേരിൽ കരുണയോടെ വർത്തിക്കുക. എല്ലാം നിനക്കു നഷ്ടമായിട്ടില്ല. ഈ ശോമിശിഹായുടെ സന്നിധിയിൽ നിനക്കുവേണ്ടി ഞാൻ ജാമ്യം നിന്നുകൊള്ളാം. നിന്നെരക്ഷിക്കുവാൻ, വേണ്ടിവന്നാൽ, എന്റെ ജീവനെപ്പോലും ഞാൻ സമർപ്പിക്കാം. നില്ക്കുക, മകനെ! നില്ക്കുക. ദൈവമാകുന്ന നിന്നെ വിളിക്കുന്നതു്. എന്നെ അയച്ചിരിക്കുന്നതു മ്ശിഹാ അകുന്നു," എന്നുനിലവിളിച്ചുപറ

ന്നാമത്തെ മഹാമതംതന്നെയല്ലേ ക്രീസ്തുമതം? അതിനാൽ ക്രീസ്തുമതം ഇൻഡ്യയിലെ ഒരു മഹാമതമല്ലെന്നും അതു് ഇൻഡ്യാക്കാക്കു് വേണ്ടാത്ത ഒന്നാണെന്നും എങ്ങനെ സ്ഥാപിക്കാം?

൮. സകലപരിഷ്കൃതഗവർമേണ്ടുകളും അനുവദിച്ചുകൊടുക്കുന്നതും മനുഷ്യനു സ്വതഃസിദ്ധവുമായിട്ടുള്ള മനസ്സാക്ഷി സ്വാതന്ത്ര്യം "ഗാന്ധിമഹാത്മാ"വിന്റെ സ്വരാജിൽ ഇല്ലെന്നാണോ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്? ഇങ്ങനെ ഗാന്ധിജിയുടെ "സ്വരാജ്യം" സ്വാതന്ത്ര്യത്തിനോ സേച്ഛാപ്രഭുത്വത്തിനോ എന്നുള്ളതും സംശയാസ്പദമായി തീർന്നിരിക്കുന്നു.

ഈശ്വരോ രക്ഷതു.

K. K.

---

# നിന്റെരാജ്യംവരണം.

(റവ. ജോസഫ്, വട്ടപ്പാട്ടു്.)

ക്രിസ്തുനാഥൻ തന്റെ ശ്ലീഹന്മാരെ പഠിപ്പിച്ച പ്രഖ്യാത പ്രാർത്ഥനയുടെ ഒരു ഭാഗവും നമ്മുടെ മെത്രാനച്ചൻ തിരുമനസ്സിലെ മുദ്രാവാക്യവുമായ ഈ വാക്യത്തിൽ അന്തർഭവിച്ചിരിക്കുന്നേ അർത്ഥം ഏവക്കും സുവിദിതമായിരിക്കയില്ലെന്നുള്ള ബോധം കൊണ്ടാണു് ഈ വിഷയത്തെപ്പറ്റി അല്പമൊന്നു് പരാമർശിക്കുന്നതു്

ഒരു രാജ്യം രാജാവിനു് മാത്രമെഉണ്ടായിയിരിക്കയുള്ളൂ. ക്രിസ്തു ഒരു രാജാവാണൊ? അതെ, രാജാവുതന്നെ. ഈ സത്യം ക്രിസ്തുതന്നെ വെളിപ്പെടുത്തുന്നു. താൻ ഒരു രാജാവാകുന്നുവൊ എന്നു് പീലാത്തോസു് ചോദിച്ചവസരത്തിൽ "ഞാൻ രാജാവു തന്നെ. നീ സത്യം പറഞ്ഞു" എന്നാണല്ലൊ യേശു പ്രത്യുത്തരിച്ചതു്. ക്രൂശാതെ അവൻ ജെറുസലേം ദേവാലയത്തിൽ പ്രവേശിക്കയിൽ ജനാവലിമുക്തകണ്ഠം ഉദ്ഘോഷിച്ചതു് "മനുഷ്യപുത്രനു് ഓശാ

ന, ദൈവത്തിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗ്രഹീത നാകുന്നു എന്നായിരുന്നു. ഇപ്രകാരം ഒരു രാജകീയ മഹൽസ്ഥാനം ക്രീസ്തുവിനു നൽകുവാൻ പാടില്ലെന്നു് ഫരിസ്സേയർ വാദിച്ചപ്പോൾ കർത്താവിന്റെ മറുപടി ഇപ്രകാരമായിരുന്നു. "ഞാൻ നിങ്ങളോടു പറയുന്നു; അവർ മൌനം അവലംബിക്കുന്നപക്ഷം കല്ലുകൾ നിലവിളിച്ചുപറയും" താദൃശങ്ങളായ വാക്യങ്ങളിൽ നിന്നു് യേശു ഒരു രാജാവായിരുന്നുവെന്നു് പ്രസ്പഷ്ടമാണു്.

ഇനിയും നാം ആലോചിക്കേണ്ടതു് ക്രിസ്തുവിന്റെ രാജ്യം എവിടെ ആകുന്നുവെന്നാണു്. തന്റെ രാജ്യം കേവലം ഭൌമികമായ ഒന്നായിരിക്കുമൊ? മരുഭൂമിയിൽവെച്ചു് ക്ഷുൽപിപാസാവിവശരായ ജനാവലിയെ അഞ്ചപ്പങ്ങൾകൊണ്ടും രണ്ടുമത്സ്യങ്ങൾകൊണ്ടും സംതൃപ്തരാക്കിയ അവസരത്തിൽ ആ ജനൌഘം തന്നെ രാജാവാക്കുന്നതിനു ശ്രമിച്ചപ്പോൾ രക്ഷകൻ വനാന്തരങ്ങളിലേക്കു് ഓടിപ്പോകയാണു് ചെയ്തതു്. ശ്ലീഹന്മാർ തങ്ങളുടെ ഗുരു ഒരു ഭൌമികരാജ്യം സംസ്ഥാപിച്ചേക്കുമോ എന്നു സംശയിച്ച സന്ദർഭത്തിൽ തന്റെ രാജ്യം ഈ ലോകത്തിൽ അല്ലെന്നു രക്ഷകൻ പറയുന്നു. അതെ ഗുരു പറയുന്നു. "ഞാൻ ഈ ലോകത്തിൽ വന്നതു് രാജപ്രതാപത്തോടുകൂടിയൊ, പരിവാരസമനചിതമൊ, സൈന്യസമേതമോ അല്ല. മനോജ്ഞമായ ഒരു കൊട്ടാരത്തിൽ അധിവസിച്ചോ, വിലയേറിയ വസ്ത്രങ്ങളാൽ വിഭ്രഷിതനായൊ, അല്ല. ഞാൻ ഒരു തൊഴുക്കുട്ടിൽ ജാതനായി. ശുഭ്രവസ്ത്രമായ പവിത്രതയും അരുണവസ്ത്രമായ രക്തസാക്ഷിത്വവും ഞാൻ ധരിച്ചു. ഞാൻ ഭൌമികരാജ്യം സ്ഥാപിക്കാനല്ല വന്നതു്. പ്രത്യുത എന്റെ കിരീടം ആദ്ധ്യാത്മികനഗരമാകുന്ന ജറുസലേമിൽ സ്ഥാപിക്കും. നിങ്ങളുടെ ഹൃദയങ്ങളിൽ ഞാൻ കിരീടം ഉറപ്പിക്കും." ക്രിസ്തുവിന്റെ കിരീടം എന്തായിരിക്കാം? "ഞാൻ ലോകത്തിൽ അഗ്നി ഇട്ടുവാൻ വന്നു. ഇതു കത്തിജ്വലിക്കുന്നതിനാണു് ഞാൻ ആഗ്രഹിക്കുന്നതു്" ആയതിനാൽ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ഉജ്ജ്വലിക്കുന്നതിനു താൻ ആഗ്രഹിക്കുന്നു.

ക്രിസ്തു തന്റെ രാജ്യമായ നമ്മുടെ ഓരോരുത്തരുടെയും ഹൃദയം കരസ്ഥമാക്കിയതു് എപ്രകാരമാണു്. അലക്സാണ്ടർ മഹാരാജാവു തന്റെ സാമ്രാജ്യം സ്ഥാപിച്ചതുപോലെ വാളുകൊണ്ടായിരിക്കുമോ നമ്മുടെ രക്ഷകൻ തന്റെ രാജ്യം സ്ഥാപിച്ചതു്.? അല്ല. ധർമ്മുടെ ഹൃദയത്തെ കരസ്ഥമാക്കിയതു് ഭൌതികമായ വാളുകൊണ്ടല്ല; പ്രത്യുത ദൈവവചനത്താലാണു് നമ്മുടെ ആത്മാക്കളെ പാപബന്ധനത്തിൽ നിന്നു് വിമോചിപ്പിച്ചതു് മറ്റുള്ളവരുടെ രക്തം ചിന്തികൊണ്ടല്ല; തന്റെ സ്വന്തരക്തം ചിന്തിക്കൊണ്ടാണു്. "ക്രിസ്തുവാകട്ടെ അനശ്വരമായി ഒഴുകുന്ന കരുണാപ്രവാഹത്താൽ ശാശ്വതമായ സാമ്രാജ്യം സ്ഥാപിച്ചു!" (നെപ്പോളിയൻ)

ഇനി ക്രിസ്തുവിന്റെ രാജ്യത്തിനു് മറ്റുള്ള രാജ്യങ്ങളെ അപേക്ഷിച്ചു് ചില വിശേഷങ്ങൾ ഉള്ളതു് ഏവയെന്നു് പയ്യാലോചിക്കാം. എല്ലാ ലൌകികരാജ്യങ്ങൾക്കും ഒരു പരിധിയുണ്ടു്. ബ്രീട്ടീഷ് സാമ്രാജ്യം പോലും നിണ്ണയിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ രാജ്യം അപരിമേയം തന്നെ. എല്ലാ ജാതിക്കാരിൽ നിന്നും എല്ലാ ഭാഷക്കാരിൽ നിന്നും എല്ലാ സമുദായക്കാരിൽ നിന്നും നീ ഞങ്ങളെ സ്വീകരിച്ചു" എന്നു് വി. യോഹന്നാന്റെ വെളിപാടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജനങ്ങൾ അധിവസിക്കുന്ന ഭൂലോകത്തിന്റെ നാനാ ദിഗന്തങ്ങളിലും തന്റെ രാജ്യം വിസ്തൃതമായിരിക്കുന്നു..

മനുഷ്യരുടെ മനോവികാരങ്ങൾ ഭരിക്കുന്നവനല്ലേ രാജ്യങ്ങൾ ഭരിക്കുന്നവനേക്കാൾ വലിയവൻ. ഭൌമിക രാജ്യങ്ങൾ അഭിവൃദ്ധിപ്പെടുകയും അധഃപതിക്കയും ചെയ്യുന്നു. ബാബിലോണിയായുടെയോ അസ്സീറിയായുടെയോ പ്രതാപം എവിടെ? പേർഷ്യൻ സാമ്രാജ്യം എവിടെ? അവയെല്ലാം അധഃപതിച്ചു. ലോകത്തിന്റെ സ്വാമിനി ആയി പരിലസിച്ചിരുന്ന റോമൻ സാമ്രാജ്യം എവിടെ? അതിന്റെപൌരാണികമാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ചില സ്മാരകചിഹ്നങ്ങൾ അല്ലാതെ ഇപ്പോൾ എന്തുണ്ടു്?

റോമാക്കാരെ ഭയപ്പെടുത്തിയിരുന്ന കാർത്തേജിന്റെ പ്രതാപം എവിടെ? കാല ചക്രഭ്രമണത്തിൽ മായിച്ചു പോയില്ലയൊ? ഈ സാമ്രാജ്യങ്ങളെ ഭരിച്ചിരുന്ന വീരപരാക്രമികളായ ചക്രവർത്തികളും എവിടെ? സൈറസും ഡാറിയുസും അലക്സാണ്ടരും ഹാനിബാളും സീസറും എവിടെ? അവരെ ആർ ഇപ്പോൾ ബഹുമാനിക്കുന്നു? അവരുടെ യശോമാത്ര നാമങ്ങളല്ലാതെ മറ്റൊന്നു ശേഷിക്കുന്നു? എന്നാൽ ക്രിസ്തുരാജൻ ഒരിക്കലും നശിക്കുന്നില്ല. "ലോകത്തിന്റെ അവസാനംവരെ നമ്മോടുകൂടി ഉണ്ടായിരിക്കും" വർഷങ്ങളും കഴിയുന്തോറും അവന്റെ രാജ്യം വിസ്തീർണ്ണപ്പെട്ടു വരുന്നു.

ക്രിസ്തുവിന്റെ രാജ്യത്തിനു് മറ്റൊരുവിശേഷം അതിൽ വേറൊരുംഭരിക്കുന്നതിനു് അനുവദിക്കയില്ലെന്നുള്ളതാണു്. അവന്റെരാജ്യമായ നമ്മുടെ ഹൃദയത്തിൽ ദൈവത്തിന്റെ സ്നേഹമാകുന്ന ചെങ്കോലിനു് വിപരീതമായി യാതൊരു സ്നേഹവും കുടികൊള്ളുന്നതിനു് അനുവദിക്കയില്ല. "മാതാവിനേയോ പിതാവിനേയോ എന്നെക്കാളും സ്നേഹിക്കുന്നവൻ എനിക്കു് യോഗ്യനല്ല" എന്നു് ക്രിസ്തുപറയുന്നു. യാതൊരു ലൌകികസ്നേഹവും അതിൽ പ്രവേശിക്കാൻപാടില്ല. ശത്രുക്കളാൽ തന്റെരാജ്യംആക്രമിക്കപ്പെട്ടവെന്നുകണ്ടാൽ താൻ എപ്രകാരം അതിൽ പ്രവേശിക്കും?

ക്രിസ്തുവിന്റെ ചെങ്കോലിനു് നാം വിധേയരാകുന്നതു് എത്രയോശ്രേഷ്ഠം! സകലത്തിന്റെയും നാഥൻ നമ്മെഭരിക്കുന്നതു് എത്രയോ ആശ്വാസപ്രദം. തന്റെ സ്നേഹമാകുന്ന ചെങ്കോലിൻകീഴ് ശരിയായ രാജഭക്തിയോടുകൂടി വസിക്കുന്നവർക്കുള്ള സമ്മാനം എത്രയൊ ഉൽകൃഷ്ടം. അവന്റെ ഭരണത്തിനു് സ്വയം കയ്യാളിക്കുന്നവർക്കു് ഈലോകത്തിൽ പത്തിരട്ടിയും പരലോകത്തിൽ നൂറിരട്ടിയും സമ്മാനംനൽകീട്ടില്ലേ? ദുർമ്മാർഗ്ഗികളായ തന്റെ സതീർത്ഥ്യന്മാരിൽനിന്നു് വേർതിരിഞ്ഞു് സൽപഥത്തിൽ സുസ്ഥിരമായി നടന്ന അഗസ്റ്റ്യനും, സ്വകൊവാശാലയിലെ ബഹുമാനാസ്പദമായ വാചസ്പതിസ്ഥാനം കൈവെടിഞ്ഞ ഫ്റാൻസീസ് സേവിയരിനും, ബഹുധാ ആദായകരമായിരുന്ന അഭിഭാഷകവൃത്തി തിരസ്കരിച്ച അല്ഫോൻസ് ലിഗോരിക്കും, സ്ഥാ

നമാനങ്ങളെയും കീർത്തിമുദ്രകളെയും പിതൃധനത്തേയും ഉപേക്ഷിച്ച തോമ്മസ്സ് അബീനാസ്സിനും, താൻ ധരിച്ചിരുന്ന വസ്ത്രംപോലും സന്ത്യജിച്ച് സന്ന്യാസാശ്രമത്തിൽ പ്രവേശിച്ച അസ്സീസ്സിയിലെ ഫ്രാൻസ്സീസിനും രക്ഷകൻ വാഗ്ദാനംചെയ്തപ്രതിഫലം നൽകിയില്ലയൊ? ഇന്നുകത്തോലിക്കസഭയുടെ ജ്യോതിസ്സുകളായി ഇവർ പരിലസിക്കുന്നില്ലയൊ? വിശുദ്ധന്മാരായി ഇവർ വണങ്ങപ്പെട്ടുന്നില്ലേ?

ഇനിയും പ്രസ്തുതരാജഭക്തിയുടെ മറെറാരു വിശേഷംകൂടി പ്രതിപാദിക്കാം. ഒരു ഭൌമികരാജാവിനെ സേവിച്ചാൽ എന്തുപ്രയോജനം? പലപ്പോഴും നിരാശയല്ലയൊ ഫലം. ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി എട്ടാമനെ കാർഡിനൽ വൂൾസി സേവിച്ചതുപോലെ അത്രസ്നേഹത്തോടും ഭക്തിയോടുംകൂടി മറെറാരു രാജാവിനെ ശുശ്രൂഷിച്ചിട്ടില്ലെന്നു അതിശയോക്തിസ്പർശമെന്നുപറയാം. അദ്ദേഹത്തിനു സംഭവിച്ചതു എന്താണു? സ്തുതിപാഠകന്മാരുടെ തന്ത്രോപായങ്ങളാൽ രാജാവിൻെറ സ്നേഹം നഷ്ടീഭവിച്ചു മനശ്ചാഞ്ചല്യത്തോടും ഇരാഭംഗത്തോടുംകൂടി ഇപ്രകാരം മമ്മസ്സ്പൃക്കായവിധം തൻെറ വികാരങ്ങളെ ഉൽപ്പുവനംചെയ്യുന്നു. "ഞാൻ എൻെറ രാജാവിനെ സേവിച്ചിരുന്ന തീക്ഷ്ണതയുടെ പകുതികൊണ്ടു് എൻെറ ദൈവത്തെ ശുശ്രൂഷിച്ചിരുന്നെങ്കിൽ അദ്ദേഹം ഈ വാർദ്ധക്യദശയിൽനിരായുധനായി ശത്രുവിനു് എന്നെ ഉപേക്ഷിക്കയില്ലായിരുന്നു"

ഇപ്പോൾ നാംക്രിസ്തുവിൻെറരാജ്യംഎവിടെയാണെന്നും,തൻെറ ചെങ്കോലിനു് പൂർണ്ണമായി വിധേയരാകുന്നവർക്കു് വാഗ്ദാനംചെയ്തിട്ടുള്ള അനർഘമായ സമ്മാനങ്ങളും ഏവയെന്നും സമഗ്രമായി കണ്ടുകഴിഞ്ഞു. അതുകൊണ്ടു് "നിൻെറ രാജ്യംവരണം" എന്നു് അധരങ്ങൾകൊണ്ടുമാത്രം പറയാതെ, അതിൽ അടങ്ങിയിരിക്കുന്ന അർത്ഥം മനസ്സിലാക്കി നാം നിത്യം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇന്നുഭൂതലത്തിൽ വസിക്കുന്ന മനുഷ്യർ-ൽ പരംകോടി ജനങ്ങളിൽ സത്യക്രിസ്ത്യാനികരം എത്രയുണ്ടു്. ക്രിസ്തുവിൻെറ അമൂല്യരക്തത്താൽ പരിത്രാണം ചെയ്യപ്പെട്ടവരി

ൽ എത്രയോപേർ പിശാചിന്റെ ഭരണത്തിനു വിധേയരായി മരണത്തിന്റെ നിഴലിലും അജ്ഞതയുടെ ഇരുട്ടിലും തപ്പിനട ക്കുന്നു! എത്രയോപേർ ക്രിസ്തുരാജന്റെ ചെങ്കോലിനു് കീഴ് പ്പെടാതെ വിഗ്രഹസമക്ഷം സാഷ്ടാംഗപ്രണാമം ചെയ്യുന്നു! ഈ ദയനീയകാഴ്ചകണ്ടു് ക്രിസ്തുവിലപിക്കുന്നില്ലയൊ? പ്രിയവായന ക്കാരെ! ഇന്നുഭാരതം സ്വതന്ത്രരാജ്യത്തേക്കാൾ അധികമായി ആവശ്യപ്പെടുന്നതു് ക്രിസ്തുരാജ്യത്തേയാണു്. അതുകയാൽമതസംബന്ധമായഭിന്നതകൾ അവസാനിച്ചു് എല്ലാരാജ്യങ്ങളിലും ക്രിസ്തുവിന്റെ പതാകയായ കുരിശു് സ്ഥാപിക്കപ്പെടുന്നതിനു് ഇടയാകട്ടെ.

---

# നെസ്റ്റോറിയസും അയാളുടെ പാഷണ്ഡതയും.

(റവ. ഫാദർ കുരുവിള, കല്ലറയ്ക്കൽ)

ക്രിസ്തുവർഷം ൪൩൧-ൽ എഫേസൂസിൽ കൂടിയ സാർവ ത്രികസൂനഹദോസിന്റെ ൧൫-ാം ശതാബ്ദപൂർത്തിയാണല്ലൊ ഈ വർഷം കത്തോലിക്കാസഭ ലോകമെങ്ങും കൊണ്ടാടുന്നതു്. ഈ സൂനഹദോസു് തീരുമാനം ചെയ്ത ഒരു പ്രധാനവിഷയമാണു് കന്യകമറിയത്തിന്റെ ദേവമാതൃത്വം. ഇതിനെ നിഷേധിച്ചു സഭയിൽ ഒരു നൂതനപഠനം ആരംഭിച്ച ആളാണു് നെസ്റ്റോറിയസ്. അതിനാൽ ഈ അവസരത്തിൽ നെസ്റ്റോറിയസിനെക്കുറിച്ചും അയാളുടെ അബദ്ധോപദേശത്തെക്കുറിച്ചും രണ്ടുവാക്കു പറയുന്നതു സന്ദർഭോചിതമായിരിക്കും.

നെസ്റ്റോറിയസ് ജനിച്ചു വളർന്നതു് സിറിയാരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന അന്ത്യോക്ക്യായിലത്രേ. അക്കാലത്തു് അലക്സാണ്ഡ്രിയാകഴിഞ്ഞാൽ പൗരസ്ത്യക്രിസ്തീയസഭയിൽ പ്രഥമസ്ഥാനം വഹിച്ചിരുന്ന ഒരു പാത്രിയർക്കാസിംഹാസനത്തിന്റെ ആസ്ഥാനമായിരുന്ന ഈ പട്ടണം. നഗരത്തിനുപുറത്തുള്ള ഒരാശ്രമത്തിൽ സന്ന്യാസജീവിതം കഴിച്ചുവന്ന ഒരാളായിരുന്നുവെങ്കിലും നെസ്റ്റോറിയസ് തന്റെ വേദശാസ്ത്രപാണ്ഡിത്യത്താലും,

അതിലും ഉപരിയായി തനിക്കു സ്വതഃസിദ്ധമായുണ്ടായിരുന്ന വാക്ചാതുര്യംകൊണ്ടും അന്ത്യോക്ക്യായിലും മറ്റു ക്രിസ്തീയകേന്ദ്രസ്ഥാനങ്ങളിലും അസാധാരണമായകീർത്തി സമ്പാദിച്ചുവരികയായിരുന്നു. ഈ അവസരത്തിലാണു് കിഴക്കൻസഭയിലെ വേറൊരുപാത്രിയക്കാസ്ഥാനവും റോമ്മൻഎമ്പ്രദോരന്മാരുടെപ്രധാനപട്ടണവുംആയ കോൺസ്റ്റാന്തിനോപ്പോളീസിലെ പാത്രിയ'ക്കീസായിരുന്ന സിസീനിയസ് കാലധർമ്മംപ്രാപിച്ചതു്. ചക്രവർത്തിയായ തീയോഡോഷിയസ് ൨-ാമൻ തന്റെ നഗരിയിലെ മെത്രാസനത്തെ അലങ്കരിക്കുന്നതിനു് സർവ്വഥാ യോഗ്യനെന്നു് നെസ്റ്റോറിയസിനെത്തന്നെ നിശ്ചയിച്ചു് അയാളെ ഈ സ്ഥാനത്തേക്കു തിരഞ്ഞെടുത്തു. ഇതുപോലെതന്നെ അന്ത്യോക്ക്യായിൽനിന്നുംവന്ന കോൺസ്താന്തിനോപ്പോളീസിലെ വൈദികമേലധ്യക്ഷസ്ഥാനം സ്വീകരിച്ച വിശ്വവിശ്രുതനും പുണ്യശ്ലോകനും വേദപണ്ഡിതനും വാഗ്മിയും ആയിരുന്ന വി· ക്രീസോസ്തോമോസിന്റെ കീർത്തിധാവള്യം തലസ്ഥാന നഗരിയിലെ ജനാവലിയുടെ സ്മൃതിപഥത്തിൽനിന്നു് ഇനിയും അന്തരിച്ചുപോയിട്ടില്ലായിരുന്നതിനാൽ, നെസ്റ്റോറിയസിനെ അവർ തങ്ങൾക്കു് അന്ത്യോഖ്യായിൽനിന്നും ലഭ്യമായ ഒരു രണ്ടാംക്രിസോസ്തോമോസായി സ്വീകരിക്കയത്രേചെയ്തതു്.

നെസ്റ്റോറിയസ്പാത്രിയക്കാസ്ഥാനം കരസ്ഥമാക്കിയ ഈ അവസരത്തിൽ ആരിയൂസിന്റെയും മറ്റും മതവൈപരീത്യംകാരണം സഭയിലെങ്ങും ഉദ്ഭ്രതമായിക്കൊണ്ടിരുന്ന അനവധി കലാപങ്ങളും, തർക്കങ്ങളും, വൈദികരും മെത്രാന്മാരും അനുഭവിച്ച ക്ലേശങ്ങളും, നാടുകടത്തലുകളും, വിശ്വാസികളും അനുഭവിച്ച ഓരോതരം വിഷമതകളും ഇവയെല്ലാം ഒരു ശതാബ്ദകാലത്തേക്കു നീണ്ടുനിന്നതിന്റെ ശേഷം സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും ലക്ഷണങ്ങളും ക്രിസ്തീയസഭയിൽ വ്യാപിച്ചു തുടങ്ങിക്കഴിഞ്ഞിരുന്നു. നെസ്റ്റോറിയസ് തന്നെ, തന്റെ പാത്രിയക്കാസ്ഥാനസ്വീകരണശേഷം ആദ്യമായി ശ്രദ്ധപതിച്ചതു പല സ്ഥലങ്ങളിൽനിന്നും സാമ്രാജ്യതലസ്ഥാനനഗരിയിലും തന്റെ അധി

കാരസീമയിൽപ്പെട്ട മറ്റു സ്ഥലങ്ങളിലും വന്നധിവസിച്ചിരുന്ന മതവിപരീതികളെ ബഹിഷ്കരിക്കുന്നതിലായിരുന്നു. എന്നാൽ ഈ നെസ്തോറിയസ്സുതന്നെ ഏറെത്താമസിയാതെ ഒരു നൂതനപാഷണ്ഡമതത്തിന്റെ ആരംഭകർത്താവായിത്തീരുമെന്നു് ആരുവിചാരിച്ചിരുന്നു! കാലതാമസമെന്യേ ഇയാളുടെ അബദ്ധപഠനങ്ങൾ വെളിക്കുവന്നുതുടങ്ങി. ഇവ ഏതെല്ലാമെന്നും എങ്ങനെ ഉദ്ഭവിച്ചുവെന്നും സംക്ഷേപമായ വിശദമാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ദിവ്യരക്ഷകൻ സാക്ഷാൽ മനുഷ്യനും സാക്ഷാൽ ദൈവവും ആണെന്നാണല്ലൊ കത്തോലിക്കരുടെ വിശ്വാസം. അതായതു ദൈവികതത്വവും (ദൈവസ്വഭാവവും) മാനുഷികതത്വവും (മനുഷ്യസ്വഭാവവും) കൂടി ഒരേ സത്വത്തിൽ യോജിച്ചിരിക്കയാണു്. ഈ ദൈവമനുഷ്യസ്വഭാവങ്ങളുടെ പരിപൂർണ്ണയോജിപ്പിലും ഒരുമിപ്പിലും ആണല്ലോ ദൈവത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരം എന്ന പരമരഹസ്യം അടങ്ങിയിരിക്കുന്നതു്. ഈ വസ്തുത ഏതുവിധത്തിലെന്നു മനുഷ്യബുദ്ധിക്കു ഗ്രഹിക്കത്തക്കതല്ല. എങ്കിലും മനുഷ്യന്റെ അന്വേഷണബുദ്ധി ഈ രഹസ്യത്തിന്റെ സ്വഭാവത്തെ കഴിയുന്നത്ര വിശദമാക്കുന്നതിനു ശ്രമിക്കാതിരുന്നിട്ടില്ല. നെസ്തോറിയസ്സിനു മുൻപു് അരിയൂസിന്റെ കക്ഷികളും അപ്പോളിനാരിയൂസ് എന്ന വേറൊരബദ്ധോപദേഷ്ടാവിന്റെ പക്ഷക്കാരും പുത്രന്റെ മനുഷ്യാവതാരത്തെക്കുറിച്ചു് ഏതാണ്ടിപ്രകാരമാണു് പഠിപ്പിച്ചിരുന്നതു്. അതായതു് രണ്ടാമാളായ പുത്രൻ (ദൈവവചനം) വെറും ഒരു മനുഷ്യശരീരംമാത്രം സ്വീകരിച്ചതേയുള്ളൂ. എന്നാൽ മനുഷ്യപ്രകൃതി (സ്വഭാവം)ക്കു് അത്യാവശ്യമായ ഒരു മനുഷ്യാത്മാവിന്റെ സ്ഥാനത്തു ദൈവികതത്വം (പുത്രൻ തമ്പുരാൻ) വന്നുചേർന്നതിനാൽ മിശിഹായിൽ മനുഷ്യാത്മാവില്ലായിരുന്നു എന്നത്രേ ഇവർ പഠിപ്പിച്ചതു്. ഇക്കൂട്ടരുടെ അഭിപ്രായം സത്യവിശ്വാസമനസരിച്ചു് ഒരുവിധത്തിലും സാധൂകരിക്കത്തക്കതല്ലെന്നു വിശദമാണല്ലൊ. എന്തുകൊണ്ടെന്നാൽ മിശിഹായ്ക്കു സാക്ഷാൽ മനുഷ്യസ്വഭാവമുണ്ടെങ്കിൽ ഈ മനുഷ്യസ്വഭാവത്തിന്റെ പ്രധാനഘടകങ്ങളും വേണ്ടതാണു്. മനുഷ്യപ്രകൃതി(സ്വഭാവം)ക്കു് ആത്മശ

രീരങ്ങളും ഒരുപോലെ അത്യാവശ്യമാണു്. മനുഷ്യാത്മാവില്ലാത്ത ഒരു സത്വത്തിനു മനുഷ്യപ്രകൃതി ഉണ്ടെന്നു് എങ്ങനെ വാദിക്കും? അതിനാൽ മിശിഹാ തമ്പുരാനെ, തനിക്കൊരു മനുഷ്യശരീരമുള്ളതുപോലെ ഒരു മനുഷ്യാത്മാവും ക്രൂടിയുണ്ടെങ്കിൽ മാത്രമേ, സാക്ഷാൽ മനുഷ്യൻ എന്നു പറയാവു. അപ്പോളിനാരീസ് കക്ഷികളുടെ ഈ വാദം സഭ ഒരു ഇടത്തുടായി ശപിക്കയത്രെ ചെയ്തതു്. ഇവക്കെതിരായി സത്യവിശ്വാസത്തിനുവേണ്ടി മിശിഹായുടെ പരിപൂർണ്ണമാനുഷികത്വത്തെ അനുകൂലിച്ചു വാദം നടത്തിയക്രൂത്തരിൽ പ്രധാനികനം അന്ത്യോഖ്യാവേദാന്തശിക്ഷണാലയത്തിൽപ്പെട്ടവരായിരുന്നു. ഈ വേദാന്തശിക്ഷണാലയവും അതിൽപ്പെട്ട വേദാന്തികളും അപ്പോളിനാരിയൂസു് കക്ഷികളുടെ ബദ്ധവിരോധികളും മിശിഹായുടെ പരിപൂർണ്ണമാനുഷികത്വത്തെ സാധൂകരിക്കുന്നതിൽ ഉൽസുകരും ആയിത്തീർന്നു.

എന്നാൽ ഇവരിൽചിലർ ആരിയൂസിന്റെയും അപ്പോളിനാരിയൂസിന്റെയും ഇടത്തുടുകളെ എതിത്തു സത്യവിശ്വാസത്തിനായുള്ള തങ്ങളുടെ പോരാട്ടത്തിൽ അബദ്ധത്തിന്റെ വേറൊരു കുണ്ടിൽ ചെന്നുചാടുകയത്രെ ചെയ്തതു്. അതായതു് മിശിഹാ പരിപൂർണ്ണമനുഷ്യനാണെന്നു ശക്തിയായി വാദിച്ചു് വിശ്വാസത്തിന്റെ അതിരു കടന്നു തന്നിൽ ദൈവികത്വം ഇല്ലെന്നു വരത്തക്ക വിധത്തിൽ അവരുടെ വാദം അത്ര മറിഞ്ഞുപോകയാണു ചെയ്തതു്. ഇവരുടെ വാദത്തിൽ അടങ്ങിയിരുന്ന ഈ അബദ്ധത്തെ സഭയിൽ പരസ്യമായി ഉപദേശിക്കുന്നതിനും തന്മൂലം സഭയുടെ ശാപം ഏറ്റു് ഒരു ഇടത്തുട്ടുകാരനെന്നു കുപ്രസിദ്ധി സമ്പാദിക്കുന്നതിനും പാത്രമായിത്തീർന്നതു നമ്മുടെ കഥാനായകനായ നെസ്തോറിയൂസു തന്നെയാണു്. ഇനിയും നെസ്തോറിയൂസു് ഈ അബദ്ധാഭിപ്രായത്തെ ഒരു പരിപൂർണ്ണ ഇടത്തുടാക്കിത്തീർത്തതു് എങ്ങനെ എന്നു നോക്കാം.

മിശിഹാ ആത്മശരീരങ്ങളോടുകൂടിയ ഒരു പരിപൂർണ്ണമനുഷ്യനാണെന്നുള്ളവാദംതന്നെ അന്ത്യോഖ്യാവേദാന്തികളെ അനുകരിച്ചു് നെസ്തോറിനും സ്വീകരിച്ചു. ഇതു് ശരിയായ കത്തോലിക്ക വിശ്വാസവും സത്യക്രിസ്ത്യാനികനം സമ്മതിച്ചേ തീരു എന്നു

ള്ള ഒരു വസ്തുതയും ആണു്. പക്ഷേ നെസ്റ്റോറിയസ് ഇതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. ഈ മാനുഷിക ആളിനെ ദൈവമെന്നു പറയാൻ പാടില്ല എന്നുകൂടി അയാൾ വാദിച്ചുതുടങ്ങി. മിശിഹാ മനുഷ്യൻമാത്രം; ദൈവമല്ല, ദൈവികതത്വം എന്ന ഗുണം മിശിഹായ്ക്കില്ല. എന്നാൽ ഇയാളുടെ അഭിപ്രായപ്രകാരം മിശിഹായ്ക്കു ദൈവികതത്വത്തോട് എന്തു ബന്ധമാണുള്ളതു്? ദൈവം (രണ്ടാമാളായ പുത്രൻ) മനുഷ്യനായ മിശിഹായിൽ പ്രത്യേകവിധത്തിൽ കൂടിയിരുന്നു അല്ലെങ്കിൽ അധിവസിച്ചു എന്നത്രേ നെസ്റ്റോറിയസ് സ്ഥാപിച്ചതു്. അതിനാൽ മിശിഹാ ദൈവികവാസത്തിന്റെ ഒരാലയം മാത്രമായിരുന്നു. മിശിഹാ ഒരാൾ വേറെ, ഈ മിശിഹായിൽതന്നെ ദൈവികആൾ ഒന്നുവേറെ. ഇങ്ങനെ മിശിഹായിൽ "രണ്ടാളുകൾ" ഉണ്ടെന്നായിരുന്നു എന്നാണു് നെസ്റ്റോറിയസ് സ്ഥാപിച്ചതു്. കത്തോലിക്കാ വിശ്വാസപ്രകാരം ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉള്ള ഒരാളാണു് മിശിഹാ എന്നുള്ളതിനെ അയാൾ അശേഷം നിഷേധിച്ചു. എങ്ങനെയായാലും മിശിഹാ ഒരുപ്രകാരത്തിലും ദൈവമെന്നു പറവാൻ പാടില്ല. ദൈവികതത്വവും മാനുഷികതത്വവുംകൂടി പൂർണ്ണമായി യോജിച്ചു് ഒരു സത്വമായിട്ടുമില്ല. നേരേമറിച്ചു് ദൈവആൾ മനുഷ്യ ആളിനോടു് ഏറ്റവും അടുത്ത ബന്ധത്തിൽ ചേർന്നിരിക്കുന്നു, അല്ലെങ്കിൽ ദൈവആൾ മനുഷ്യആളിൽ അധിവസിക്കുന്നു എന്നുമാത്രമേയുള്ളൂ. രണ്ടാളുകളും വെവ്വേറെ ആസ്തിക്യമുള്ള വ്യക്തിസ്വഭാവങ്ങൾതന്നെ.

നെസ്റ്റോറിയസ്സിന്റെ ഈവക സങ്കല്പങ്ങളിൽനിന്നും ഉളവാകുന്ന വേറൊരു വലിയ അബദ്ധം പരിശുദ്ധകന്യകമറിയത്തിനെ സംബന്ധിച്ചുള്ളതാണു്. മിശിഹാ വെറും മനുഷ്യനാണെങ്കിൽ കന്യകമറിയം ഒരു മനുഷ്യആളിന്റെ മാതാവു മാത്രമെ ആയിരിക്കയുള്ളൂ. അവൾക്കു "ദേവമാതാ"വെന്ന സ്ഥാനത്തിനോ പേരിനോ യാതൊരർഹതയുമില്ല. അതിനാൽ കന്യകമറിയത്തിനെ ദേവമാതാവെന്നു് ഒരിക്കലും വിളിച്ചുകൂടാ എന്നുള്ളതും നെസ്റ്റോറിയൂസിന്റെ ഉപദേശത്തിൽ പ്രധാനഭാഗം വഹിച്ചിരുന്നു.

ഇതുപോലെതന്നെ ഇയ്യാളുടെ ഉപദേശത്തിൽനിന്നും ഉദ്ഭ്രതമാകുന്ന മറ്റു പല സിദ്ധാന്തങ്ങളും ക്രിസ്തീയവിശ്വാസത്തിന്റെ മാഹാത്മ്യത്തെ നശിപ്പിക്കുന്നവയത്രെ. മിശിഹാ ദൈവമല്ലെങ്കിൽ നമ്മെ വീണ്ടുരക്ഷിച്ചതും ദൈവമല്ല. "വചനം മാംസമായി നമ്മിൽ കുടിയിരുന്നു" (യോഹ. ഫ. ഫർ.) അതായതു രണ്ടാമാളായ പുത്രൻ തന്നുരാൻ മനുഷ്യനായി പിറന്നു് ഒരു മനുഷ്യജീവിതം കഴിച്ചു എന്നത്രേ വി. യോഹന്നാൻ പറയുന്നതു്. അതുപോലെ തന്നെ ദൈവം നമുക്കുവേണ്ടി പാട്ടുപെട്ടു മരിച്ചതിന്റെ ചോരയെ ചിന്തിയിട്ടില്ല. ഗാഗുൽത്തായിൽ നമ്മുടെ പാപങ്ങളുടെ പൊറുതിക്കായി നിത്യപിതാവിനു ബലി സമർപ്പിച്ചതു ദൈവകുഞ്ഞാടിനെ അല്ല. ഇതെല്ലാം നമ്മെപ്പോലെയുള്ള ഒരു മനുഷ്യൻതന്നെ ചെയ്ത കൃത്യങ്ങളാണു്. നമ്മുടെ രക്ഷിതാവു് വെറും ഒരു മനുഷ്യൻതന്നെ. ഈവക പുതിയ പഠനങ്ങളൊക്കെ ഒരു സത്യക്രിസ്ത്യാനി എങ്ങനെ ശ്രവിക്കും? വേദപുസ്തകത്തിനും ക്രിസ്തീയപഠനത്തിനും നേർകടകമല്ലെ ഇതെല്ലാം?സത്യവിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളെ പാടേ ഇളക്കി മറിക്കുന്ന നെസ്റോറിയസ്സിന്റെ ഈ അബദ്ധോപദേശങ്ങൾ പുറത്തുവന്നയുടനെതന്നെ, സാർവത്രികമായ എതിർപ്പും എഫേസൂസിൽ കൂടിയ സഭാപിതാക്കന്മാരുടെ ശാപവും ഏറ്റു ഒരു പാഷണ്ഡമതമായി സഭയിൽനിന്നും ബഹിഷ്കരിക്കപ്പെട്ടുന്നതിനു് ഇടയായതിൽ എന്താണു് അത്ഭുതപ്പെടുവാനുള്ളതു്!

---

## പരസ്യം.

ബ. വൈദികരുപയോഗിക്കുന്ന കറുത്തളോവ്യുള്ള താഴ്ന്നതരം പോപ്ലിൻ തുണിയും, കുമ്മലീത്താസക്കോരായ ബ. വൈദികരും കന്യാസ്ത്രീകളും ഉപയോഗിക്കുന്നേ ഉട്ടുപ്പുകളുടെ തവിട്ടുനിറത്തിലുള്ള ഒന്നാംതരം തുണിയും, പള്ളികളിലേയും മറ്റും ഉപയോഗത്തിനുവേണ്ട പല നിറത്തിലുള്ള ജവുക്കാളങ്ങളും ആദായവിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

സെൻറ് ജോസഫ്സ് ഓർഫനേജ് നെയ്ത്തുശാല,
അരമന, വങ്ങനാശേരി.

# തിരുഹൃദയഭക്തി.

## ജൂൺമാസത്തെ പൊതുനിയോഗം

---

സകല ഹൃദയങ്ങളുടെയും അധിപനും കേന്ദ്രവുമായ ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി ലോകത്തിന്റെ നാനാദിഗന്തരങ്ങളിലും വ്യാപിച്ചു വർദ്ധിക്കണമെന്നുള്ള നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നാണു് ഈ ജൂൺമാസത്തിൽ പരിശുദ്ധപിതാവായ മാർപാപ്പാ തിരുമനസ്സുകൊണ്ടു് നമ്മോടുപദേശിക്കുന്നതു്. ഈശോമശിഹാ സാക്ഷാൽ നമ്മുടെ അധിപനും രാജാവുമാണു്. മിശിഹായുടെ രാജ്യത്തിലെ പ്രജകളാണു് മനുഷ്യരെല്ലാവരും. മിശിഹായുടെ തിരുമനസ്സാണു് നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കാനുള്ള രാജകീയനിയമങ്ങളം. "നിന്റെ രാജ്യം വരണം, നിന്റെ തിരുമനസ്സു് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണം" എന്നിങ്ങനെയുള്ള നമ്മുടെ അനുദിനപ്രാർത്ഥനയിൽ നാം ദൈവത്തോടു് യാചിക്കുന്നതു് ഈശോയുടെ രാജത്വം നമ്മിൽ പ്രബലപ്പെടുന്നതിനു വേണ്ടിയാണു്. ആകയാൽ മിശിഹായുടെ രാജ്യം വരുന്നതിനായി നാം പ്രാർത്ഥിക്കുന്നതോടുകൂടി തന്നെ അങ്ങേയുടെ തിരുമനസ്സു നിറവേറുന്നതിനുവേണ്ടി പ്രയത്നിക്കേണ്ടതും നമ്മുടെ കർത്തവ്യമാകുന്നു. മിശിഹായുടെ ഹൃദയം സകല മനുഷ്യരുടെയും കേന്ദ്രവും കൂടിയാകുന്നു. സത്യവിശ്വാസികളെല്ലാവരും മിശിഹായുടെ ജ്ഞാനശരീരത്തിലെ അംഗങ്ങളാകയാൽ നമ്മുടെകേന്ദ്രം പ്രകൃത്യാതന്നെ, മിശിഹായുടെ തിരുഹൃദയമാകുന്നു. ഈഹൃദയത്തിലേക്കായിരിക്കണം സകല ക്രിസ്ത്യാനികളുടെയും ജീവരക്തം പ്രവഹിക്കേണ്ടതും. മറുവിധത്തിൽ പറഞ്ഞാൽ സകല വിശ്വാസികളെയും ഭരിക്കേണ്ടതും ജീവിപ്പിക്കേണ്ടതും മിശിഹായുടെ തിരുഹൃദയമാണു്. ആകയാൽ സകല ഹൃദയങ്ങളുടെ അധിപനും കേന്ദ്രവുമെന്ന വിധത്തിൽ ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി ലോകത്തിൽ വ്യാപിക്കുന്നതിനും വർദ്ധിക്കുന്നതിനും നാം ഈ മാസത്തിൽ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

# വാർത്താസംഗ്രഹം.

ഇൻഡ്യയുടെ ഭലഗാദപ്പസ്സോലിക്കാ ആയി ഹോളൻഡ് സ്വദേശിയും, പാഷ്യനിസ്റ്റ് സഭാംഗവും, വിവിധ ഭാഷാ പണ്ഡിതനുമായ ആർച്ചുബിഷോപ്പ് കീയക്കിൻസ് തിരുമനസ്സുകൊണ്ട് നിയമിതനായിരിക്കുന്നു.

ഇക്കഴിഞ്ഞ മെയ് മാസം ക്രി-ാം൯- മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്, ഒരു പരസ്യകല്പന അയയ്ക്കുകയുണ്ടായി. ഇതിൽ തൊഴിലാളികളുതലാളികളും തമ്മിലുണ്ടായിരിക്കേണ്ട സൌഹാർദ്ദ ബന്ധത്തെപ്പറ്റി സവിസ്തരം പ്രസ്താവിച്ചിട്ടുണ്ട്.

ആ രീയതിതന്നെ എൺപതിനായിരം വേലക്കാരടങ്ങിയ ഒരു ജനസഞ്ചയം മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചപ്പോൾ, ഇവരോട് തിരുമേനിതന്നെ, ഇത്താല്യൻ ഫ്രഞ്ച് ജർമ്മൻ എന്നീ ഭാഷകളിൽ മേല്പറഞ്ഞ തിരുവെഴുത്തിലെ സാരാംശങ്ങൾ പ്രസംഗരൂപത്തിൽ പറഞ്ഞു കേൾപ്പിക്കുകയും, അതു വ്യക്തിക്കാൻ നഗരത്തിലുള്ളകമ്പിയില്ലാ കമ്പിമൂലം ലോകമാസകലം പ്രതിദ്ധ്വനിപ്പിക്കുകയും ചെയ്തിരിക്കുന്നു.

യാക്കോബായ പാത്രിയർക്കീസവർകൾ അലുവാ സൂനഹദോസ് കഴിഞ്ഞ് കോട്ടയത്തുള്ള പാണമ്പടി പള്ളിയിലേക്ക് യാത്രയായിരിക്കുന്നു. യാക്കോബായ കാതോലിക്കായെ അല്ലേഹം സ്വീകരിക്കുവാൻ തയാറില്ലെന്നും അതിനുപകരം ഒരു റീശ് എപ്പിസ്കോപ്പായെ കൊട്ടക്കുവാൻ ഒരുക്കമുണ്ടെന്നും കേൾക്കുന്നു.

---

വരിക്കാരുടെ പ്രത്യേകശ്രദ്ധയ്ക്ക്—മദ്ധ്യസ്ഥൻ മാസികയുടെ മൂന്നാംപുസ്തകം ഈ ലക്കത്തോടുകൂടി പൂർത്തിയായിരിക്കുന്നു. ഈ മൂന്നാംപുസ്തകത്തിന്റെ വരിപ്പണം തരാത്തവരായ വരിക്കാർക്ക് അടുത്ത ലക്കം മുതൽ മാസിക അയയ്ക്കുന്നതല്ല. വരിക്കാരിൽ ചിലർ വരിപ്പണം തീർത്തുകൊടുത്തിട്ടുണ്ടെങ്കിലും ആ പണം ആഫീസിൽ എത്തിച്ചു കണക്കിൽ വരവു വെയ്ക്കാതെ കിടക്കുന്നതിനാൽ അവർ ആഫീസു കണക്കിൻപ്രകാരം കുടിശ്ശികക്കാരായിട്ടാണിരിക്കുന്നത്. അവർ ആരെല്ലാമാണെന്ന് ഇവിടെ നിശ്ചയമില്ലാത്തതിനാൽ അവർക്ക് മാസിക അയയ്ക്കാൻ നിവൃത്തിയില്ലാതിരിക്കുന്നു. അവരുടെ മാസിക നിറുത്തണമെന്നു വാസ്തവത്തിൽ ഞങ്ങൾ വിചാരിക്കുന്നില്ല. അതിനാൽ അങ്ങനെയുള്ളവരിൽ ആർക്കെങ്കിലും അടുത്തലക്കം മാസിക കിട്ടാതിരുന്നാൽ അവർ ഉടനേതന്നെ വിവരം ഇവിടെ അറിയിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊള്ളുന്നു.

എന്ന് മാനേജർ.

ചങ്ങനാശേരി രൂപതയിൽനിന്നു് വൈദിക പഠനത്തിനു പോകുന്നവർ മേലിൽ ഇൻറർമീഡിയേറ്റു പരീക്ഷാ വിജയികളായിരിക്കണമെന്നു് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് തീരുമാനിച്ചിരിക്കുന്നു.

കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ടു് ഇക്കഴിഞ്ഞ മെയ് ൨൫-ാം തീയതി വെല്ലിങ്ങ്ടണിൽവച്ചു് ഗോവാ പാത്രിയക്കീസിൽ നിന്നു് അന്ത്യ കൂദാശകൾ കൈക്കൊണ്ടു് ഭാഗ്യമരണം പ്രാപിക്കുകയും ൨൭-ാം തീയതി കൊച്ചിയിൽവച്ചു് മൃതശരീരം സംസ്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

മംഗലാപുരം മെത്രാനായി മൊൺസിഞ്ഞോർ പി. ആർ. ഫർണാണ്ടസ് അവർകൾ നിയമിതനായി കമ്പി വന്നിരിക്കുന്നു.

മാവേലിക്കരെയുള്ള ബഥനിപ്പള്ളിയും അടുത്തുള്ള കെട്ടിടങ്ങളും അരോ തീവച്ചു നശിപ്പിച്ചിരിക്കുന്നു.

ആലപ്പുഴ സെഷ്യൻജഡ് ജി മി. എ. പീലിപ്പോസ് എം. എ; ബി. എൽ. ഇക്കഴിഞ്ഞ ഏപ്രിൽമാസത്തിൽകത്തോലിക്കു സഭയിൽ ചേർന്നിരിക്കുന്നു. അദ്ദേഹത്തിൻെറ മാനസാന്തരകാരണങ്ങളെ വിശദീകരിച്ചു് അദ്ദേഹംതന്നെ എഴുതിയിട്ടുള്ള "കാതോലിക പുനരൈക്യ ചിന്തകൾ" എന്ന ഗ്രന്ഥം അത്യന്തം ലളിതവും എന്നാൽ വേദശാസ്ത്രജ്ഞാനസംപൂർണ്ണവും മലങ്കര യാക്കോബായ സഹോദരങ്ങളുടെ സകല സംശയ നിവാരണങ്ങൾക്കും പറ്റിയതും ആണെന്നു് നിസ്സംശയം പറയാം. യാക്കോബായക്കാരുടെ ഇടയിൽ സൌജന്യവിതരണം ചെയ്യുന്നതിനു് ഇതുപോലെ പറ്റിയ ഗ്രന്ഥങ്ങൾ ചുരുക്കമാണു്.

പരിശുദ്ധ കന്യാസ്ത്രീ മറിയത്തിൻെറ ദൈവമാതൃത്വത്തെ ഒരു വിശ്വാസ സത്യമായി പ്രഖ്യാപനം ചെയ്ത എപ്പേസൂസ് സൂനഹദോസിൻെറ൫-ാം ശതാബ്ദപൂർത്തി ഈ ആണ്ടിലാകയാൽതൽസംബന്ധമായുള്ള ആഘോഷങ്ങൾ കത്തോലിക്കലോകത്തിൻെറഎല്ലാഭാഗങ്ങളിലും പ്രധാവിധി നടത്തേണ്ടതാണെന്നു് പരിശുദ്ധ പിതാവു് ഒരു പ്രത്യേക തിരുവെഴുത്തുമൂലം ലോകമൊട്ടുക്കുള്ള എല്ലാ രൂപതാദ്ധ്യക്ഷന്മാരേയും അറിയിച്ചിരിക്കുന്നു. തദനുസരണം ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ എല്ലായിടത്തും ആരംഭിച്ചിട്ടുണ്ടു്. ചങ്ങനാശേരി രൂപത വകയായുള്ള പ്രധാനാഘോഷം അയൽ രൂപതകളിലെ പല വന്ദ്യ മേലദ്ധ്യക്ഷന്മാരുടേയും പള്ളിക്കാരുടേയും സഹായ സഹകരണത്തോടു കൂടി അടുത്ത ജൂൺ ൨൫-൦൩- സാഡംബരമായി നടത്തുന്നതിനും വികാരിജനറാൾ റൈറ്റ് റവ. മൊൺസിഞ്ഞോർ ജേ. കല്ലറയ്ക്കൽ അവർകൾ സ്വന്തം

ചെലവിൽ പുളിക്കകവലയിൽ പണിയിച്ചു് ശ്രീ തന്നു വിട്ടുകൊടുത്തിട്ടുള്ള പുതിയ ദേവാലയം പ്രസ്തുത ശതാബ്ദപൂർത്തിസ്മാരകമായിതിരുഹൃദയനാഥനു് പ്രതിഷ്ഠിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നതായി അറിയുന്നു.

---

# കത്തോലിക്കാധ്വജം.

മേലാൽ നമ്മുടെ പൊറിസെമ്മനാരിയിൽ ചേർന്നു വൈദികപഠനം ആരംഭിക്കുന്നതിനുദ്ദേശിക്കുന്നവർ ഇൻറർമീഡിയറു, പരീക്ഷാവിജയികളും നമ്മുടെ സെൻറു ബക്മാൻസ് കോളേജിൽ പഠനം നടത്തിയവരും ആയിരിക്കേണ്ടവരാണു്.

ബ. വൈദികരുടെ സ്ഥലംമാറ്റം.

കിഴക്കേക്കര ബ. യൗസേപ്പച്ചൻ നീലൂർപള്ളി വികാരി.
പഴേപറമ്പിൽ ബ. യൗസേപ്പച്ചൻ ഉരുളികുന്നം പ. അസി.
ചെമ്പകശേരിൽ ബ. ദേവസ്യാച്ചൻ ചിറക്കടവു പ. അസി.

എന്നു് കല്പനപ്രകാരം വി. ജി.

# ഉപകാരസ്മരണകൾ.

വിശുദ്ധയൗസേപ്പുപുണ്യവാൻറെ മദ്ധ്യസ്ഥതയാൽ ഒരുപേക്ഷ സാധിച്ചതിനും വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയുടേയും കുഞ്ഞാളച്ചേരിൽ മെത്രാനച്ചൻറെയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുംക്രൂടി. ഫ്രാ. ടി. കേ. മത്തായി, കടപ്ലാമറ്റം.

വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായത്താൽ എൻറെ സുഖക്കേടു ഭേദപ്പെട്ടതിനുപകാരസ്മരണ ഫ കെ. മഞ്ഞനാനിക്കൽ ഉലഹന്നൻ ഉലഹന്നൻ മാറയിടം.

ചങ്ങനാശേരി ജൂബിലിസ്മാരകക്കപ്പേളയിൽ വിശുദ്ധയൗസേപ്പു പിതാവിൻറെമദ്ധ്യസ്ഥപ്രാർത്ഥനയാൽ കാണാതെപോയിരുന്ന ഒരു സാധനം തിരിച്ചുകിട്ടിയതിനുപകാരസ്മരണ ഫ കെ. റവ. ജെ. പി.

വിശുദ്ധ കുരിശിൻറെ പ്രാർത്ഥനയാലും പരിശുദ്ധ കന്യകമറിയത്തിൻറെയും വിശുദ്ധ കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാലും ഇക്കഴിഞ്ഞ പരീക്ഷയിൽ ചിജയം പ്രാപിച്ചതിനുപകാരസ്മരണ ക. ഫ.

തോട്ടപുരത്തു് തൊമ്മൻ, ആനിക്കാട്ടു്.

---

# ചങ്ങനാശേരി രൂപതവക ലേലച്ചിട്ടിഅറിയിപ്പ്.

ടി. രൂപത തലയാൽനിന്നു നടത്തിവരുന്ന ഒരുലക്ഷംരൂപാ മുതല്വുള്ള ചിട്ടിയുടെ അഞ്ചാമത്തെയോഗം ഫൻസ്ഥ ജൂൺ ന-ാം നു-ക്ക് ഠാന്ന ഇടവം ഠ-ാംനു- ബുധനാഴ്ച വകൽ ഒരു മണിക്ക് സെൻറ് ബക്മാൻസുകോളജുവക കെട്ടിടത്തിൽവച്ച് നടത്തുന്നതാകകൊണ്ട് ചിറാളന്മാർ ചേന്നിട്ടുള്ള നമ്പരുകൾക്ക് വസ്സുവാനുള്ളസംഖ്യ താഴെക്കാണുന്ന കണക്കനുസരിച്ചു അന്നേദിവസം ലേലത്തിനുമുമ്പായി എത്തിച്ചുതന്നു രസീതു വാങ്ങിക്കേണ്ടതും ന്യ-ാമതു ചിട്ടി അന്നേദിവസം ലേലം ചെയ്യുന്നതും ഒ-ാമതു ചിട്ടിക്കു രൂപാവസ്സുാത്തക്കവക്ലേലത്തിൽ ചേരുവാൻ അവകാശമില്ലാത്തതുമാകുന്നു.

പീതപ്പലിശ നീക്കിവയ്ക്കേണ്ടും സംഖ്യ— ഏ. നമ്പർ ഒന്നിനുഠാ രൂ. ഉ ണ. ര പൈ. ബി. നമ്പർ ഒന്നിനു ഫസ്ഥ-ഫ-നുസി. നമ്പർ ഒന്നിനു വ്യാ-ഫര-നു ഡി. നമ്പർ ഒന്നിനു ഫര—ര—നു.

N. B. ചിട്ടിനിബന്ധന ന്യ-ാം വകുപ്പനുസരിച്ചു ആണ്ടിൽ ഉ തവണയുള്ളതു ഇപ്പോഴത്തെ അസാധാരണമായസാമ്പത്തികാധിപത്യം നിമിത്തം ഏതാനും കാലത്തേക്കെങ്കിലും ആണ്ടിൽ ഒരു തവണ ആക്കേണ്ടതല്ലയോ എന്നു യോഗത്തിൽ നിശ്ചയിക്കേണ്ടിയിരിക്കുന്നു.

മാനേജർ.

# പഞ്ചാംഗം.

ജൂൺ നു ഠ.

ഇം' മല.

ര. ഉഫ. വ്യാ ✠ ശ്രീ. കർബാനയുടെ തിരുനാൾ.
ഴ' ഉര. ഞാ ✠ പന്ത. ഉ-ാം ഞ. ഹറ്. നു. ഹറ്.
ഫര. നുഫ. ഞാ ✠ പന്ത. നു-ാം ഞ. കട്. ര. കട്.
ഉഫ. ഴ. ഞാ ✠ പന്ത. ര-ാം ഞ. ഹറ്. ഒ. മെസ്.
അടുത്ത ചൊവ്വാ. ഇ. വി.
ഉവ്യ. ഫര. ഞാ. ✠ പന്ത. ഒ-ാം ഞാ. കട്. സ. ഹറ്.
ഉൻ. ഫര. തി. ✠ പത്രോസ്, പൌലോസ് തി. നാൾ.

Reg. No. T. 213. കേ. പ്ര. മദ്ധ്യസ്ഥൻ.

# പ്രത്യേകനോട്ടീസ്.

ഒന്നുമുതൽ ആറുവരെ കുപ്പികളും നിറയ്ക്കാവുന്ന സോഡാ മെഷ്യൻസും, സോഡാക്കുപ്പി, ഗ്യാസ്സുകുറ്റി, എസൻസു, റബർബ്രഷ് സൈക്കിൾ, ഗ്രാമഫോൺ, പ്ലെയിറ്റ്സു് ഹർമ്മോണിയം മുതലായതും ഗ്യാസു് ലൈറ്റു്, പെറ്റ്രോമാക്സു്, ബേബിലാന്റേൺ ഇലക്ട്രിക്ക് ആദിയായവിളക്കുകളും ഇവയുടെ ഓരോ സാധനങ്ങളും മിതമായ വിലക്കും ക്രമത്തിലും കൊടുക്കുന്നതാണു്. ക്രടാതെ ടി. സാമാനങ്ങളും കുറഞ്ഞ ചാർജ്ജിൽ കേടുപാടു പോക്കി കൊടുക്കുന്നതിനും തയ്യാറുണ്ടു്.

N. B. പരസഹായംക്രടാതെ ഇംഗ്ലീഷ് ഭാഷ അഭ്യസിക്കുന്നതിനു് ഒന്നുമുതൽ അഞ്ചുവരെ ഭാഗങ്ങളായി പുസ്തകങ്ങളും വിൽപനയുണ്ടു്. പുസ്തകം ഒന്നിനു് ൨-ചക്രം. മൊത്തമായി എടുക്കുന്നവർക്കു് പ്രത്യേക കമ്മീഷനുണ്ടു്. ആറു പുസ്തകത്തിൽ കുറഞ്ഞുള്ള ആവശ്യക്കാർ പുസ്തകത്തിന്റെ വിലയും അഞ്ചൽ ചെലവും (ബുക്കുപോസ്റ്റായി അയയ്ക്കുന്നതിനുള്ള) സ്റ്റാമ്പു് സഹിതം ആവശ്യപ്പെടുക. ചക്കുപുരയ്ക്കൽ ഇട്ടിയവിരാ ജോസഫ്
ഫാക്ടറി, ചങ്ങനാശേരി.

# പരസ്യം.

1. ആയുർവ്വേദചികിത്സയ്ക്കും പുറമെ ആയുർവ്വേദശാസ്ത്രോക്തങ്ങളായ അരിഷ്ടാസവങ്ങൾ, എണ്ണ, കുഴമ്പുകൾ, ഘൃതഗുളികകൾ, കസ്തൂരി, പച്ചക്കർപ്പൂരം തുടങ്ങിയമേൽമരുന്നുകൾ വിവിധങ്ങളായ ആസ്തുതിമരുന്നുകൾ, പാനോപെപ്റ്റൻ, മെല്ലിൻസ് ഫുഡ് ആദിയായ കുപ്പിമരുന്നുകൾ, റബറിനുവേണ്ട അസേറ്റിക്ക് ആസിഡ് മുതലായവയും, 2. തുകലിലും സ്റ്റീലിലുമുള്ളട്ടങ്കുകൾ, സൂട്ടുകേസുകൾ, സിമൻറ്, മുളകുമ്പി, വിജാകരിത്തരങ്ങൾ, നാഗത്തകിട്ട്, ചായങ്ങൾ വിർണ്ണീഷുകൾ കതിനാമുതലായ ഇരിമ്പുകട സാധാരണങ്ങളായ സാമാനങ്ങളും, 3. കർബ്ബാനക്കുപ്പായങ്ങൾ, യൂലിക, കരിമ്പുമൊന്ത, മുത്തുകട മുതലായ ദേവാലയങ്ങൾക്കുംമറും പറ്റിയ പട്ടു[illegible]ൽ, ഡാൻസി തുണിത്തരങ്ങൾ, റേന്തകൾ, പീത്തകൾ, തൊങ്ങൽ [illegible] ഇത്യാദിയും 4. പലേഇനത്തിലും വലിപ്പത്തിലുമു[illegible]ം മെഴുകതിരികളും മൊത്തമായും ചില്ലറയായും സഹ[illegible]ടാവിലുംപ്പെടുന്നതാകുന്നു. 2. മൂക്കുകണ്ണടകളും ഉപകര[illegible]ുണ്ടു്.
വൈദ്യൻ കെ. ഐ. തയ്യൻ, [illegible]ാശേരി.

Printed and published by *Rev. Fr. M. Alakalam* at the St. Joseph's Orphanage Press, Changanacherry.